# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## 14-ാം
## പഞ്ചവത്സര പദ്ധതി

# 2022-2027
# വികസനരേഖ



"എന്തെങ്കിലും ചെയ്യുംമുമ്പ് നിങ്ങൾ കണ്ടിട്ടുള്ള
പാവങ്ങളുടെ മുഖങ്ങൾ ഓർമ്മയിലേക്ക് കൊണ്ടുവരിക.
നിങ്ങൾ ചെയ്യാൻ പോകുന്ന പ്രവൃത്തികൊണ്ട്
അവർക്കെന്തിങ്കിലും പ്രയോജനം ഉണ്ടാകുമോ എന്ന് സ്വയം ചോദിക്കുക."

# ആമുഖം

ഒട്ടേറെ പൈതൃക, ഐതിഹ്യ ചരിത്ര പെരുമ പറയാനുള്ളതാണ് തിരുവള്ളൂരിന്റെ ഇന്നലെകൾ. പത്തുമുപ്പത് വർഷങ്ങൾ മുമ്പുവരെ സമീപ നാടുകൾ കച്ചവടത്തിന് ആശ്രയിച്ചിരുന്നത് തിരുവള്ളൂരിനെയായിരുന്നു. യാത്രാസൗകര്യങ്ങൾ പരിമിതമായ ആ കാലഘട്ടത്തിൽ ചങ്ങാടങ്ങളായിരുന്നു പ്രധാനമായും ചരക്ക് കടത്തിന് ഉപയോഗിച്ചിരുന്നത്. എന്നാൽ കാലക്രമത്തിൽ ഉായ മാറ്റങ്ങൾ സമീപപ്രദേശങ്ങൾ സ്വീകരിച്ച അത്രയും വേഗത്തിൽ ഉൾക്കൊള്ളാൻ നമ്മുടെ നാടിന് കഴിഞ്ഞില്ല എന്നുപറയേിവരും അതിന്റെ ന്യൂനത നാട്ടിൽ ദൃശ്യമാണെങ്കിലും മാറ്റത്തിലേക്ക് കുതിക്കാനുള്ള ഊർജ്ജം ഇന്നും ഇവിടെയു് എന്നത് സത്യമാണ്. നാടിനു ഗുണമായ വികസന സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തി അതിവേഗ വികസന യാത്രയ്ക്ക് നമ്മൾ തയ്യാറാകണം. വൻകിട പദ്ധതികൾ എന്നതിലപ്പുറം ചെറുതും പ്രകൃതിസൗഹൃദപരവും ജനോപകാര പ്രദവുമായ പദ്ധതികൾ ആവിഷ്കരിക്കപ്പെടണം. അതുവഴി അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയണം. ആരോഗ്യമേഖലയിലെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കലിനും, വിദ്യാഭ്യാസമേഖലയിലെ വിവരവിജ്ഞാന സാങ്കേതിക വിദ്യാപോഷണത്തിനും ഊന്നൽ നൽകണം. നല്ല ഭക്ഷണവും നല്ല വെള്ളവും നല്ല വായുവും എല്ലാവർക്കും ലഭ്യമാകുന്നു എന്നുറപ്പുവരുത്തിക്കൊള്ളള വിപുലമായ അടിസ്ഥാന വികസനം പതിനാലാം പദ്ധതി കാലത്ത് നമുക്ക് രൂപപ്പെടുത്താം.

സ്നേഹത്തോടെ,


**സബിത മണക്കുനി**
പ്രസിഡ്
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്



"ആദർശങ്ങളും ലക്ഷ്യങ്ങളും തത്വങ്ങളും നാം മറക്കുമ്പോൾ
മാത്രമാണ് പരാജയം സംഭവിക്കുന്നത്."

# ഉള്ളടക്കം


- **പൊതുവിവരങ്ങൾ** ............ 7
- **14ാം പദ്ധതി കാഴ്ചപ്പാട്** ............ 15
- **ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും** ............ 17
- **വെല്ലുവിളികളുടെ അതിജീവനം** ............ 18
- **തിരുവള്ളൂരിന്റെ ഭൂസവിശേഷതകൾ** ............ 20
- **അധികാര വികേന്ദ്രീകരണത്തിന്റെ കാൽനൂറ്റാണ്ട്** ............ 23
- **2021–22 ലെ പ്രത്യേക പദ്ധതികൾ** ............ 25
- **പ്രകൃതി ദുരന്തം അതിജീവനം** ............ 26
- **വികസന കാഴ്ചപ്പാട് ലക്ഷ്യം–തന്ത്രം** ............ 27
- **2022–23 വിഭവ സ്രോതസ്സുകൾ** ............ 29
- **വികസന മേഖലകൾ** ............ 30
- **വികസന സ്ഥിതി അവസ്ഥ** ............ 37
- **സാമൂഹ്യ സാംസ്കാരിക ചരിത്രം** ............ 38
- **വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും** ............ 41
- **സമഗ്ര പരിപാടികളും സംയോജന സാധ്യതകളും** ............ 43
- **ഉപസംഹാരം** ............ 44




# ഗ്രാമപഞ്ചായത്ത് ഭൂപടം

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് |
| സ്ഥാപിതം | : | 1962 |
| ഉൾപ്പെടുന്ന വില്ലേജ് | : | കോട്ടപ്പള്ളി, തിരുവള്ളൂർ |
| വിസ്തൃതി | : | 27.78 ച.മീ. |
| ജനസംഖ്യ | : | 43,364 |
| പുരുഷൻമാർ | : | 21,246 |
| സ്ത്രീകൾ | : | 22,118 |
| ജനസാന്ദ്രത | : | 1222/ച.കി.മി. |
| സാക്ഷരത | : | 87.7 |
| സ്ത്രീ സാക്ഷരത | : | 81.82 |
| പട്ടികജാതി ജനസംഖ്യ | : | 1289 |
| സ്ത്രീകൾ | : | 674 |
| പുരുഷൻമാർ | : | 615 |
| പട്ടികവർഗ്ഗം | : | ഇല്ല |
| പട്ടികജാതി കുടുംബങ്ങൾ | : | 1289 |
| പട്ടിക വർഗ്ഗ കുടുംബങ്ങൾ | : | ഇല്ല |

***അതിരുകൾ***

| | | |
|---|---|---|
| കിഴക്ക് | : | കുറ്റ്യാടിപ്പുഴ |
| തെക്ക് | : | ചാനിയംകടവ് പുഴ, മണിയൂർ ഗ്രാമപഞ്ചായത്ത് |
| വടക്ക് | : | ആയഞ്ചേരി, വേളം ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് |
| വാർഡുകൾ | : | 20 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കടമേരി, ചെമ്മരത്തൂർ, തോടന്നൂർ<br>തിരുവള്ളൂർ, വെള്ളൂക്കര |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ചോറോട്<br>മണിയൂർ<br>പയ്യോളി അങ്ങാടി |
| നിയമസഭാ മണ്ഡലം | : | കുറ്റ്യാടി -<br>ശ്രീ. കെ.പി. കുഞ്ഞമ്മദ്കുട്ടിമാസ്റ്റർ എം.എൽ.എ. |
| ലോകസഭാ മണ്ഡലം | : | വടകര -<br>ശ്രീ. കെ.മുരളീധരൻ എം.പി. |

## സ്റ്റിയറിംഗ് കമ്മിറ്റി

പ്രസിഡണ്ട്

**സബിത മണക്കുനി**

വൈസ് പ്രസിഡണ്ട്

**എഫ്.എം. മുനീർ**

ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

**നിഷില കോരപ്പാണ്ടി**

ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

**പി.അബ്ദുറഹിമാൻ മാസ്റ്റർ**

ചെയർപേഴ്സൺ, വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

**ഷഹനാസ് കെ.വി.**

സെക്രട്ടറി

**പി.ജി.സിന്ധു**

# ഭരണ സമിതി അംഗങ്ങൾ

| വാർഡ് | വാർഡിന്റെ പേര് | മെമ്പർമാരുടെ പേര് | മേൽവിലാസം | ചുമതല | ഫോൺ |
|---|---|---|---|---|---|
| 1 | വള്ള്യാട് | ബവിത്ത് മലോൽ | മലോൽ<br>കോട്ടപ്പള്ളി. പി. ഒ | മെമ്പർ | 9495858417 |
| 2 | വള്ള്യാട് ഈസ്റ്റ് | പി.അബ്ദുറഹിമാൻ മാസ്റ്റർ | പോയത്ത്<br>വള്ള്യാട് പി. ഒ | ചെയർമാൻ<br>ക്ഷേമകാര്യം | 9495971400 |
| 3 | പൈങ്ങോട്ടായി | ഹംസ വായേരി | വായേരി<br>കോട്ടപ്പള്ളി . പി. ഒ | മെമ്പർ | 9497859891 |
| 4 | കണ്ണമ്പത്ത്കര | ഡി. പ്രജീഷ് | സമസ്യ<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9447582198 |
| 5 | തിരുവള്ളൂർ സെന്റർ | ഷഹനാസ് കെ.വി. | കല്ലുവയൽ<br>തിരുവള്ളൂർ പി. ഒ | ചെയർപേഴ്സൺ<br>ആരോഗ്യ- വിദ്യാഭ്യാസം | 8281673997 |
| 6 | തിരുവള്ളൂർ നോർത്ത് | നിഷില കോരപ്പാണ്ടി | എടപ്പൊയിൽ<br>കോട്ടപ്പള്ളി പി. ഒ | ചെയർപേഴ്സൺ<br>വികസനകാര്യം | 9446177920 |
| 7 | തണ്ടോട്ടി | ഗോപിനാരായണൻ | ചില്ല<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9446778789 |
| 8 | കാഞ്ഞിരാട്ടുതറ | ജസ്മിന ചങ്ങരോത്ത് | ചങ്ങരോത്ത്<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9446068717 |
| 9 | നിടുംമ്പ്രമണ്ണ | ഹാജറ പി.സി. | പുല്ലഞ്ചേരി<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9846561812 |
| 10 | ചാനിയംകടവ് | പ്രസിന | അരുകുറുങ്ങോട്ട്<br>ചാനിയംകടവ് പി.ഒ | മെമ്പർ | 9539633927 |
| 11 | വെള്ളൂക്കര | സി.വി. രവീന്ദ്രൻ | ചെറുവിളയാട്ട്<br>ചാനിയംകടവ് പി. ഒ | മെമ്പർ | 9495337703 |
| 12 | തിരുവള്ളൂർ സൗത്ത് | കെ.വി.ഗോപാലൻ | കോറോംവീട്ടിൽ<br>തിരുവള്ളൂർ പി. ഒ | മെമ്പർ | 9497646255 |
| 13 | കന്നിനട | സബിത മണക്കുനി | അഞ്ജനം<br>കോട്ടപ്പള്ളി പി.ഒ. | പ്രസിഡണ്ട് | 9497876128 |
| 14 | തോടന്നൂർ നോർത്ത് | രമ്യ പുലക്കുന്നുമ്മൽ | പുലക്കുന്നുമ്മൽ<br>തോടന്നൂർ പി.ഒ | മെമ്പർ | 7510524576 |
| 15 | തോടന്നൂർ ടൗൺ | എഫ്.എം.മുനീർ | ഫാത്തിമ മൻസിൽ<br>തോടന്നൂർ പി.ഒ | വൈസ്<br>പ്രസിഡണ്ട് | 9061051294 |
| 16 | ആര്യന്നൂർ | ഗീത പനയുള്ളതിൽ | പനയുള്ളതിൽ<br>ചെമ്മരത്തൂർ പി.ഒ | മെമ്പർ | 8086477137 |
| 17 | ചെമ്മരത്തൂർ വെസ്റ്റ് | രതീഷ് അനന്തോത്ത് | അനന്തോത്ത്<br>ചെമ്മരത്തൂർ. പി.ഒ | മെമ്പർ | 9447938820 |
| 18 | ചെമ്മരത്തൂർ സൗത്ത് | പി.പി.രാജൻ | പാലയാട്ട് പൊയിൽ<br>ചെമ്മരത്തൂർ. പി.ഒ | മെമ്പർ | 7025067981 |
| 19 | ചെമ്മരത്തൂർ നോർത്ത് | സഫീറ ടി.വി. | കണ്ണൻകണ്ടി<br>കോട്ടപ്പള്ളി പി.ഒ | മെമ്പർ | 9005280616 |
| 20 | കോട്ടപ്പള്ളി നോർത്ത് | നബീല കെ.സി. | കിഴക്കെ ചെറിയ ചാലിൽ<br>വള്ള്യാട് പി.ഒ | മെമ്പർ | 9496917075 |
| 21 | സെക്രട്ടറി | സിന്ധു പി.ജി. | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | | 9496048145 |

# മുൻകാല ഭരണ സാരഥികൾ

| | | |
|---|---|---|
| 1964 – 1979 | : | കെ.സി.അച്ചുതൻ വൈദ്യർ (പ്രസിഡ്) <br> നന്തോത്ത് മൂസ്സഹാജി (വൈസ്. പ്രസിഡ്) |
| 1979 – 88 | : | കിയിൽ അബ്ദുള്ള (പ്രസിഡ്) <br> അമ്മാരപ്പള്ളി കുഞ്ഞിശങ്കരൻ (വൈസ്. പ്രസിഡ്) |
| 1988 – 1995 | : | മരുതിയാട്ട് കുഞ്ഞിക്കണ്ണൻ വൈദ്യർ (പ്രസിഡ്) <br> എം.പി.ബാലൻ (വൈസ്. പ്രസിഡ്) |
| 1995 – 2000 | : | ഇ.കൃഷ്ണൻ (പ്രസിഡ്) <br> എം.ഗോപാലക്കുറുപ്പ് (വൈസ്. പ്രസിഡ്) |
| 2000 – 2005 | : | ടി.കെ.ശാന്ത ടീച്ചർ (പ്രസിഡ്) <br> ഇ. കൃഷ്ണൻ (വൈസ്. പ്രസിഡ്) |
| 2005 – 2010 | : | എടത്തട്ട രാധാകൃഷ്ണൻ (പ്രസിഡ്) <br> എം.സി.പ്രേമചന്ദ്രൻ (വൈസ് പ്രസിഡ്) |
| 2010 – 2015 | : | ടി.കെ.ശാന്ത ടീച്ചർ (പ്രസിഡ്) <br> എൻ.കെ.വൈദ്യർ (വൈസ് പ്രസിഡ്) |
| 2015 – 2020 | : | എ.മോഹനൻ മാസ്റ്റർ (പ്രസിഡ്) <br> ടി.വി.സഫീറ (വൈസ് പ്രസിഡ്) |

# പഞ്ചായത്ത്തല ആസൂത്രണ സമിതി അംഗങ്ങൾ

| പേര് | ഫോൺ | സ്ഥാനം |
|---|---|---|
| സബിത മണക്കുനി | 9497876128 | അധ്യക്ഷ |
| കെ.മൊയ്തീൻ മാസ്റ്റർ | 9400691195 | ഉപാധ്യക്ഷൻ |
| എഫ്.എം.മുനീർ | 9061051294 | അംഗം<br>വൈസ് പ്രസിഡണ്ട് |
| നിഷില കോരപ്പാണ്ടി | 9446177920 | അംഗം/ചെയർപേഴ്സൺ<br>വികസനകാര്യ സ്റ്റാൻഡിംഗ്<br>കമ്മിറ്റി |
| പി.അബ്ദുറഹിമാൻ മാസ്റ്റർ | 9495971400 | അംഗം/ചെയർമാൻ<br>ക്ഷേമകാര്യ സ്റ്റാൻഡിംഗ്<br>കമ്മിറ്റി |
| ഷഹനാസ് കെ.വി. | 8281673997 | അംഗം/ചെയർപേഴ്സൺ<br>വിദ്യാഭ്യാസ - ആരോഗ്യ<br>സ്റ്റാൻഡിംഗ് കമ്മിറ്റി |
| സെക്രട്ടറി<br>സിന്ധു പി.ജി. | 9496048145 | കൺവീനർ |
| എടവത്ത്കണ്ടി കുഞ്ഞിരാമൻ | 9495646416 | അംഗം |
| കണ്ണോത്ത് സൂപ്പിഹാജി | 8943853612 | അംഗം |
| ശ്രീജിത്ത് എടത്തട്ട | 9446731490 | അംഗം |
| ടി.കെ.ബാലൻ | 9495261416 | അംഗം |
| ആർ.കെ.മുഹമ്മദ് | 9447130519 | അംഗം |
| ആർ.രാമകൃഷ്ണൻ | 9497577405 | അംഗം |
| വി.കെ.ബാലൻമാസ്റ്റർ | 9446520924 | അംഗം |
| പ്രൊഫ. ഇ.ശശീന്ദ്രൻ | 9495661781 | അംഗം |

# വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർമാൻ | : | എഫ്.എം.മുനീർ |
| മെമ്പർമാർ | : | ഹംസ വായേരി |
| | | പ്രസിന അരുകുറുങ്ങോട്ട് |
| | | രവീന്ദ്രൻ സി.വി. |
| | | ഗീത പനയുള്ളതിൽ |

**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | നിഷില കോരപ്പാണ്ടി |
| മെമ്പർമാർ | : | ബവിത്ത് മലോൽ |
| | | ഹാജറ പി.സി. |
| | | ഗോപിനാരായണൻ |
| | | കെ.വി.ഗോപാലൻ |

**ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർമാൻ | : | പി.അബ്ദുറഹിമാൻ മാസ്റ്റർ |
| മെമ്പർമാർ | : | രമ്യ പുലക്കുന്നുമ്മൽ |
| | | രതീഷ് അനന്തോത്ത് |
| | | രാജൻ പി.പി. |
| | | നബീല കെ.സി. |

**വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ഷഹനാസ് കെ.വി. |
| മെമ്പർമാർ | : | ജസ്മിന ചങ്ങരോത്ത് |
| | | ടി.വി. സഫീറ |
| | | ഡി.പ്രജീഷ് |

# പ്രവർത്തന കമ്മിറ്റി (വർക്കിംഗ് ഗ്രൂപ്പ്)

| മേഖല | കൺവീനർ | ചെയർമാൻ | വൈസ് ചെയർമാൻ |
|---|---|---|---|
| കൃഷിയും അനുബന്ധ മേഖലയും | കൃഷി ഓഫീസർ | ഗോപിനാരായണൻ | കൊളാണ്ടി ബഷീർ |
| മൃഗസംരക്ഷണവും ക്ഷീകവികസനവും | വെറ്ററിനറി സർജൻ | ഹാജറ പി.സി. | മൊയ്തു കുണ്ടാറ്റിൽ |
| പൊതുമരാമത്ത്-ഊർജ്ജം | അസി.എഞ്ചിനിയർ | ബവിത്ത് മലോൽ | ആർ.കെ. മുഹമ്മദ് |
| പട്ടികജാതി വികസനം | അസി.സെക്രട്ടറി | കെ.വി.ഗോപാലൻ | ചാത്തു പുളിയനാട്ടിൽമീത്തൽ |
| പൊതുഭരണവും ധനകാര്യവും | സെക്രട്ടറി | ഹംസ വായേരി | വി.കെ.ബാലൻ മാസ്റ്റർ |
| ആരോഗ്യം | മെഡിക്കൽ ഓഫീസർ | ടി.വി.സഫീറ | സൂപ്പി സി.കെ. |
| കുടിവെള്ളം ശുചിത്വം | അസി.എഞ്ചിനിയർ | ജസ്മിന ചങ്ങരോത്ത് | ഗംഗാധരൻ കൊടക്കാട്ട് |
| വിദ്യാഭ്യാസം സംസ്കാരം കലാകായികം യുവജനക്ഷേമം | ഹെഡ്മാസ്റ്റർ | ഡി.പ്രജീഷ് | അജീഷ് എ.എസ്. |
| ജന്ററും വികസനവും കുട്ടികളുടെ വികസനവും | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | നബീല കെ.സി. | ശ്രീജ തറവട്ടത്ത് |
| ദാരിദ്ര്യ ലഘൂകരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പി.പി.രാജൻ | കൂമുള്ളി ഇബ്രാഹിം |
| സാമൂഹ്യനീതി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | രതീഷ് അനന്തോത്ത് | സി.സി. കുഞ്ഞിരാമൻ ഗുരുക്കൾ |
| പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | സി.വി.രവീന്ദ്രൻ | പാലൂന്നി മൊയ്തു |
| ജൈവ വൈവിദ്ധ്യം കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി, ദുരന്ത നിവാരണം | സിക്രട്ടറി | സബിത മണക്കുനി | മുനീർ ആര്യന്നൂർ |

# 2021–2025 ഗ്രാമസഭകളും അംഗങ്ങളും

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | ക്വാറം |
|---|---|---|---|---|
| 01. വള്ള്യാട് | 805 | 891 | 1696 | 170 |
| 02. വള്ള്യാട് ഈസ്റ്റ് | 938 | 1038 | 1976 | 198 |
| 03. പൈങ്ങോട്ടായി | 874 | 981 | 1855 | 186 |
| 04. കണ്ണമ്പത്ത്കര | 724 | 842 | 1566 | 157 |
| 05. തിരുവള്ളൂർ സെന്റർ | 705 | 849 | 1554 | 156 |
| 06. തിരുവള്ളൂർ നോർത്ത് | 857 | 952 | 1802 | 181 |
| 07. തണ്ടോട്ടി | 681 | 757 | 1438 | 144 |
| 08. കാഞ്ഞിരാട്ടുതറ | 642 | 764 | 1406 | 141 |
| 09. നിടുംമ്പ്രമണ്ണ | 640 | 754 | 1394 | 140 |
| 10. ചാനിയംകടവ് | 703 | 791 | 1494 | 150 |
| 11. വെള്ളൂക്കര | 675 | 747 | 1422 | 143 |
| 12. തിരുവള്ളൂർ സൗത്ത് | 691 | 735 | 1426 | 143 |
| 13. കന്നിനട | 700 | 829 | 1529 | 153 |
| 14. തോടന്നൂർ നോർത്ത് | 790 | 888 | 1678 | 168 |
| 15. തോടന്നൂർ ടൗൺ | 735 | 844 | 1579 | 158 |
| 16. ആര്യന്നൂർ | 601 | 700 | 1301 | 131 |
| 17. ചെമ്മരത്തൂർ വെസ്റ്റ് | 717 | 824 | 1541 | 155 |
| 18. ചെമ്മരത്തൂർ സൗത്ത് | 654 | 712 | 1366 | 137 |
| 19. ചെമ്മരത്തൂർ നോർത്ത് | 749 | 821 | 1570 | 157 |
| 20. കോട്ടപ്പള്ളി നോർത്ത് | 820 | 944 | 1764 | 177 |

# പതിനാലാം പദ്ധതി കാഴ്ചപ്പാട്

തിരുവള്ളൂരിന്റെ ജീവിത വളർച്ച പ്രധാനമായും കൃഷി, മൃഗപരിപാലനം, പ്രവാസി മേഖലകളിൽ നിന്നുള്ള വരുമാനം എന്നിവയിലാണ്. അതുകൊു തന്നെ ഈ മേഖലകളിലൂന്നി മാത്രമേ ഈ നാടിന്റെ വികസന കാഴ്ചപ്പാട് രൂപപ്പെടുത്താൻ കഴിയുകയുള്ളൂ. തരിശുഭൂമികളെ പൂർണ്ണമായും കൃഷി ഭൂമികളാക്കിയും അത്യുൽപാദനശേഷിയുള്ളതും കീട പ്രതിരോധ ശേഷിയുള്ള തുമായ വിത്തിനങ്ങൾ ഉപയോഗിച്ചും വളം, വെള്ളം ലഭ്യമാക്കലിൽ ശാസ്ത്രീയമായ സമീപനം നടപ്പാക്കിയും, വിളകളുടെ വിപണന സാദ്ധ്യതകൾ ഉറപ്പാക്കിയും, യന്ത്രോപയോഗം വർധിപ്പിച്ചും, നവീന കൃഷിരീതികൾ പരിചയ പ്പെടുത്തിയു മൊക്കെ കാർഷിക മേഖലയിൽ ഇടപെടുന്നതാണ്. മൃഗാശുപത്രി സേവനങ്ങൾ വർദ്ധിപ്പിച്ചും, ഉപകേന്ദ്രത്തിന് സ്വന്തം കെട്ടിടം നിർമ്മിച്ചും, ആട്, പശു എന്നീ തുടർന്നുപോരുന്ന കാലി വളർത്തു രീതികൾക്കപ്പുറം എരുമ, പോത്ത്, മുയൽ, കഴുത ഉൾപ്പെടെയുള്ള മൃഗങ്ങളെ വളർത്തി പാൽ, മാംസം എന്നിവയുടെ കൂടെ ഉപോൽപ്പന്നനിർമ്മാണ വിപണന സാധ്യത കൂടി സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കും.

പക്ഷിയിനങ്ങളിൽ കോഴി, താറാവ് മാത്രമല്ല കാട, ലൗബേർഡ്സ് എന്നിവയെ വളർത്തി വരുമാന ലഭ്യതയുടെ വഴിതുറക്കാൻ ശ്രമം ആരംഭിക്കും. ശുദ്ധജല മത്സ്യകൃഷി വ്യാപനം വഴിയും അലങ്കാര മത്സ്യ-പക്ഷി മൃഗപരിപാലനം വഴിയും കൂടുതൽ ധനാഗമ സാധ്യതകൾ കത്തെും. പ്രതികൂല സാഹചര്യ ത്താൽ വിദേശത്തു നിന്നും മടങ്ങി വരുന്നവർക്ക് സുരക്ഷിത ജീവിതമാർഗ്ഗം ഒരുക്കാവുന്ന സംവിധാനക്രമം രൂപപ്പെടുത്തുന്നതിനോടൊപ്പം പ്രവാസി നിക്ഷേപ പ്രോത്സാഹനത്തിന് പ്രവാസി സംരംഭകത്ത്വ പ്രോത്സാഹന സമീപനം സ്വീകരിക്കും.

വിദ്യാഭ്യാസ മേഖലയിൽ ദീർഘമായ ചർച്ചയാൽ രൂപപ്പെടുത്തിയ വിജയപാഠത്തിന്റെ തുടർച്ചയിൽ സമഗ്ര വിദ്യാഭ്യാസപദ്ധതി മുന്നോട്ട് കൊു പോകാൻ കഴിയും. ആരോഗ്യ രംഗത്ത് പകർച്ചവ്യാധി വ്യാപനം തടയുന്നതി നോടൊപ്പം കിടപ്പുരോഗികൾ, ജീവിതശൈലീരോഗികൾ, മാരക രോഗികൾ ഉൾപ്പെടെയുള്ളവർക്കും ഭിന്നശേഷിക്കാർക്കും അവരുടെ പരിപാലകർക്കും സ്നേഹപരിചരണം ലഭ്യമാക്കുന്ന വിശാലത ഈ മേഖലയിൽ ഉാകും. ജൽജീവൻമിഷൻ നടപ്പിലാക്കി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനും റോഡ് കണക്ടിവിറ്റി മാപ്പ് ഉാക്കി യാത്രാസൗകര്യ സംവിധാനം മെച്ചപ്പെടുത്തി മുന്നോട്ടുപോകാനും വഴിയൊരുക്കും. പരമാവധി തൊഴിലവസരങ്ങൾ

ലഭ്യമാക്കാൻ ചെറുകിട കുടിൽ വ്യവസായങ്ങളും പരമ്പരാഗത തൊഴിലുൽപ്പന്ന നിർമ്മാണ പദ്ധതികളും ആവിഷ്കരിക്കും. പിന്നോക്ക വിഭാഗങ്ങളുടെയും വനിതകളുടെയും ക്ഷേമവും കരുതലും എല്ലാതരത്തിലും ഉറപ്പാക്കൽ അനിവാര്യമാണ്. എല്ലാ അംഗനവാടികളും ഹൈടെക് ആക്കുന്ന മനോഹര കാഴ്ചപ്പാടാണ് മുന്നോട്ടു വെക്കാനുള്ളത്. പരിസരശുചിത്വവും പ്രകൃതി മനോ ഹാരിതയും ജൈവ സംരക്ഷണവും ഉറപ്പാക്കാൻ ജനകീയ പങ്കാളിത്ത പ്രവർത്ത നമുാകും. ജനങ്ങൾക്ക് സേവന സൗകര്യങ്ങൾ വാർഡ് തലത്തിൽ ലഭ്യമാകുന്ന രീതിയിൽ സിറ്റിസൺ സെന്ററുകൾ ആരംഭിക്കും. വയോജന കേന്ദ്രവും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററും പൂർണമായും സൗഹൃദ കേന്ദ്രമായി രൂപപ്പെടുത്തും. ബസ് സ്റ്റാൻഡ് നിർമ്മാണം പൂർത്തീകരിക്കുക, പൊതുകളി സ്ഥലം, നീന്തൽകുളം, എം.സി.എഫ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രധാന ലക്ഷ്യങ്ങൾ എന്നിവയും ഇവിടെ യാഥാർത്ഥ്യമാക്കപ്പെടണം. ഇങ്ങനെ ഇവിടെ സൂചിപ്പിച്ചതും തുടർന്നു രൂപപ്പെട്ടു വരുന്നതുമായ ആശയങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ സമീപിച്ച് പ്രവൃത്തി പഥത്തിൽ കൊുവരാനുള്ള വിശാലമായ കാഴ്ചപ്പാടാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് മുന്നോട്ടു വെക്കാനുള്ളത്.

☐

# തിരുവള്ളൂരിന്റെ ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

കോഴിക്കോട് ജില്ലയിലെ ഏറെ വിസ്തൃതിയുള്ള പഞ്ചായത്തു കളിൽ ഒന്നാണ് നമ്മുടേത്. തിരുവള്ളൂർ, കോട്ടപ്പള്ളി വില്ലേജുകളിലായി കുന്നുകളും, വയലുകളും, മലകളും, നീർച്ചാലുകളുൾപ്പെടെ ഏതാ് എല്ലാ ഭൂമിശാസ്ത്ര സവിശേഷതകളും നമ്മുടെ നാടിനു്. വള്ള്യാട് മുതൽ വെള്ളൂക്കര വരെ തെക്കുവടക്കായും മീമ്പാലം മുതൽ ഉപ്പിലാറകുന്നുവരെ കിഴക്ക് പടിഞ്ഞാറായും അതിരിട്ടു കിടക്കുന്ന തിരുവള്ളൂർ ഗ്രാമം ഇന്ന് അനുഭവിക്കുന്ന പ്രധാന വെല്ലുവിളി അനു ദിനം കുറയുന്ന കൃഷിയും വർദ്ധിച്ചുവരുന്ന കുടിവെള്ള ക്ഷാമവും പരിസ്ഥിതി മലിനീകരണവുമാണ്. വയൽ നികത്തുന്നതും, തരിശിടു ന്നതും കർശനമായി തടഞ്ഞും, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി കിണർറീചാർജ്ജ് വ്യാപക മായി നടപ്പാക്കിയും ഹരിതകർമ്മസേന പ്രവർത്തനം കാര്യക്ഷമമാ ക്കിയും നമുക്കീ വെല്ലുവിളികളെ മറികടക്കണം. വരുമാനദായകവും പ്രകൃതി സൗഹൃദപരവുമായ ജൈവീകാവസ്ഥയിലേക്ക് നമ്മുടെ നാടിനെ തിരികെയെത്തിക്കാൻ ഏറെ ഗൗരവത്തോടെ ഇടപെടേതു്.

# വെല്ലുവിളികളുടെ അതിജീവനം

## പ്രളയശേഷം

വർഷകാലത്ത് തിരുവള്ളൂരിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുന്നതും ചില പ്രദേശങ്ങൾ ഒറ്റപ്പെട്ടു പോകാറുമുായിരുന്നെങ്കിലും 2018,2019 വർഷങ്ങളിലെ പ്രളയങ്ങൾ സമാനതകളില്ലാത്തതും ഭീതിതവുമായ അവസ്ഥയാണ് സൃഷ്ടിച്ചത്. കുറ്റ്യാടിപ്പുഴയുടെ മലവെള്ളപ്പാച്ചിലിൽ മീമ്പാലം, കൊക്കാൽമഠം, കൂവാൺവയൽ, വെള്ളൂക്കര, കാവുംകുനി കോളനി, തുരുത്തി, കന്നിനട, കവുന്തൻ നട, പള്ളിക്കുന്നിൻ താഴ്ഭാഗം, തുമ്പോളിതാഴ തുടങ്ങിയ പ്രദേശങ്ങളെല്ലാം ദിവസങ്ങളോളം വെള്ളക്കെട്ടിൽ പെട്ടുപോയിരുന്നു. കാഞ്ഞിരാട്ടുതറ അബ്ദുല്ല മെമ്മോറിയൽ സ്കൂൾ, ചാനിയംകടവ് സൗമ്യത മെമ്മോറിയൽ സ്കൂൾ, വെള്ളൂക്കര ഗവൺമെന്റ് എൽ.പി സ്കൂൾ, തോടന്നൂർ എം.എൽ.പി സ്കൂൾ, തോടന്നൂർ യു.പി. സ്കൂൾ, കണ്ണമ്പത്ത്കര എൽ.പി. സ്കൂൾ എന്നിവിടങ്ങളിലായിരുന്നു കെടുതിയിൽപെട്ട നൂറോളം കുടുംബങ്ങൾ അഭയം തേടിയത്. എന്നാൽ ആശ്രയം തേടിയെത്തിയ മുഴുവനാളുകൾക്കും എല്ലാ സൗകര്യങ്ങളും പൊതുജന സഹായത്തോടെ ഒരുക്കുവാൻ സാധിച്ചെന്നുമാത്രമല്ല വളർത്തുമൃഗങ്ങളുടെ കൂടെ സംരക്ഷണം ഉറപ്പാക്കാൻ കഴിഞ്ഞിരുന്നു. വെള്ളമിറങ്ങിയപ്പോൾ മുഴുവൻ വീടുകളും സർക്കാർ സംവിധാനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ വൃത്തിയാക്കിയെടുക്കുകയും കിണറുകളും തൊഴുത്തുകളും ഉൾപ്പെടെ അണുവിമുക്തമാക്കുവാനും കഴിഞ്ഞിരുന്നു. മത്സ്യബന്ധനബോട്ടു കൾ ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിനായി എത്തിച്ചിരുന്നു. നെല്ലും, മരച്ചീനിയും വാഴയും ഉൾപ്പെടെയുള്ള കൃഷിയിൽ വ്യാപകമായ നാശം പ്രളയകാലത്തുായി. പ്രളയാനന്തരബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പുഴയോരം മുളവച്ചുപിടിപ്പിച്ച് തീരമിടിയലും വെള്ളത്തിന്റെ അടിച്ചു കയറലുംതടയാനുള്ള ശ്രമം തുടങ്ങിയിട്ട്. വാർഡ് തലത്തിൽ രൂപീകരിക്കപ്പെട്ട ദുരന്തനിവാരണ സേനയ്ക്ക് ഇനി ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനത്തിന്റെ പരിശീലനം ന ൽ കേ തു ്.

## കോവിഡ് ബാക്കി വെക്കുന്നത്

കോവിഡ് തീർത്ത ദുരിതപൂർണ്ണ നിശ്ചലത തിരുവള്ളൂരിൽ തീവ്രമായിരുന്നു. കോവിഡിന്റെ പടർന്ന് കയറ്റത്തെ ആരോഗ്യവകുപ്പിന്റെയും മറ്റു സർക്കാർ സംവിധാനങ്ങളുടെയും നിർദ്ദേശങ്ങളുടെ പിൻബലത്തിൽ പ്രതിരോധിക്കാൻ കഴിഞ്ഞെങ്കിലും 48 പേരുടെ മരണത്തിന് കോവിഡ് കാരണമായിത്തീർന്നിട്ട്. രേഖപ്പെടുത്തൽ പ്രകാരം 5509 പേർ ഇക്കാലയളവിൽ കോവിഡ് ബാധിതരായിട്ട്. പഞ്ചായത്ത് കാര്യാലയത്തിലും മുഴുവൻ വാർഡുകളിലും എല്ലാ

പ്രതിരോധസംവിധാനങ്ങളോടും കൂടിയ വാർറൂമുകൾ തുറന്ന് കൃത്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടു്. ആവശ്യക്കാർക്ക് അതാതുസമയം ഭക്ഷണവും മരുന്നുമെത്തിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ കൃത്യതയോടെ നിറവേറ്റി ഞങ്ങൾ പ്രവർത്തകർ സ്തുത്യർഹമായ സേവനമാണ് ഇക്കാലയളവിൽ നാടിന് നൽകിയത്. കോവിഡ് ബാധിച്ച് മരിച്ചവരുടെ ശവസംസ്കാരത്തിന് ഗ്രാമപഞ്ചായത്ത് അംഗം ബവിത്ത് മലോലിന്റെ നേതൃത്വത്തിൽ ഡെത്ത് മാനേജ്മെന്റ് ടീം സക്രിയമായിരുന്നു. ഒട്ടേറെ പരിശോധനാ ക്യാമ്പുകൾ നടത്തി രോഗികൾക്ക് കൃത്യസമയത്ത് ചികിത്സ ഉറപ്പാക്കുവാൻ സാധിച്ചത് രോഗപ്പകർച്ച തടയാൻ ഏറേ സഹായകമായി തീർന്നിട്ടു്. പ്രതിരോധ വാക്സിൻ വിതരണത്തിന് പഴുതടച്ച ക്രമീകരണങ്ങളാണ് ഒരുക്കിയത്. ആരോഗ്യപ്രവർത്തകരുടെ സ്വയം സമർപ്പിച്ച സേവനങ്ങൾക്ക് ജനപ്രതിനിധികൾ പൂർണ്ണ പിന്തുണയാണ് നൽകിയത്.

പ്രകൃതിക്ഷോഭവും, മഹാരോഗവും തീർത്ത പ്രതിസന്ധികളെ വലിയ പരിക്കുകളില്ലാതെ മറികടക്കുവാൻ ഈ നാടിനു കഴിഞ്ഞിട്ടു് ഇതൊക്കെ തന്ന ജീവിത പാഠങ്ങൾ ഉൾക്കൊള്ളു സാമൂഹ്യ ജീവിതമാണ് ഇനിയാവശ്യം.

□

# തിരുവള്ളൂരിന്റെ ഭൂസവിശേഷതകൾ

കേരളത്തിന്റെ ഭൂമിശാസ്ത്ര പരമായ ഏതാ് എല്ലാ സവിശേഷതകളും ഒന്നിക്കുന്നതാണ് തിരുവള്ളൂരിന്റെ ഭൂഘടന. തെക്ക് വെള്ളൂക്കര മുതൽ വടക്ക് വള്ള്യാട് വരെയും കിഴക്ക് മീമ്പാലം മുതൽ പടിഞ്ഞാറ് ഉപ്പിലാറക്കുന്നു വരെയുള്ള തിരുവള്ളൂരിന്റെ അതിർത്തിക്കുള്ളിൽ കുന്നുകളും, പുഴകളും, തോടുകളും, വയലുകളും, സമതലങ്ങളും, ജലാശയങ്ങളും, ചതുപ്പുകളും ഉൾപ്പെടുന്നു്. ഈ ഭൂഘടനയെ പ്രധാനമായും നാലു ഭാഗങ്ങളായി വിഭജിക്കാം.

## 1. കുന്നിൻ പ്രദേശം.

ഈ പഞ്ചായത്തിന്റെ വിസ്തൃതിയുടെ 28% കുന്നിൻ പ്രദേശങ്ങളാണ്. ഇതിൽ ബാവുപ്പാറ, പാറക്കീൽ പാറ, കോട്ടപ്പാറ,വില്ലൂന്നിപ്പാറ, കുന്നോത്ത്പാറ, പാറക്കെട്ടിൽപാറ, കോറോത്ത്കംപാറ, ഒന്തത്ത് ഭ്രാന്തൻകിപ്പാറ, മാോളിപാറ, ചെമ്മരത്തൂർപാറ തുടങ്ങിയ കരിങ്കൽപാറകൾ വിസ്തൃതിയുടെ 5% വരും. തറവട്ടത്ത്, പത്തായക്കൂട്ടിൽ, കക്കാട്ടുതറമ്മൽ, മാോളി, കപ്പള്ളിപ്പറമ്പ്, മലയന്റെ മീത്തൽ, ഒന്തത്ത് മീത്തൽ, കുറ്റിയിൽ, അരീക്കര മീത്തൽ, പാലോറ, പൊന്നാരംകുന്ന്, കോട്ടോൽ, തിരുമംഗലത്ത് മീത്തൽ, പൂക്കോട്, വെങ്കമല, വെള്ളറാട്, പള്ളിക്കുന്ന്, തറവട്ടത്ത്, കാര്യപ്പറമ്പ് മലഭാഗം, കക്കേരീമ്മൽ, മലപ്പറമ്പ്,വടക്കെക്കി, പനയുള്ളതിൽ, പാലോറേമ്മൽ, ആലക്കോട്, വാടിയിൽ എന്നീ പ്രദേശങ്ങൾ ചെങ്കൽ കുന്നുകളും, കരുവാി, വേടിയോർമല,കാോത്ത്, പാലോറ, കുങ്കർമല, മെമ്മേനി മീത്തൽ, മാടിയമല, തിരുമന, തറവട്ടത്ത്, കുയ്യന, പൂവോട്, പെരേലാട് തച്ചൻകുന്ന്, പുലക്കുന്ന് കൂട്ടമാക്കൂൽ, തൂവാറ, മൊട്ടം തറമ്മൽ, വലിയവളപ്പിൽ, ചക്കേരി, പാലയാട്ടു മീത്തൽ, അരീക്കുഴി, ആശാരിപ്പറമ്പ്, മീത്തലെ കുന്നോത്ത്, കോഴിപ്പറമ്പത്ത്, കുന്നത്കുന്ന് ഭാഗങ്ങൾ തുടങ്ങിയവ ചെമ്മൺ കുന്നുകളുമാണ്. അശാസ്ത്രീയമായ പാറ, ചെങ്കൽ, മണ്ണ് ഖനനങ്ങൾ ഭൂഘടനക്ക് വലിയ ഭീഷണി ഉാക്കുന്നു്.

## 2. ചെരിവുകൾ.

വ്യാപകമായി തെങ്ങും, അങ്ങിങ്ങായ് കവുങ്ങും, കുരുമുളകും, കശുമാവും, അടുത്തിടെയായി നാമമാത്രമായി റബ്ബറും കൃഷി ചെയ്യുന്ന കുന്നിൻ ചെരുവ് പ്രദേശങ്ങൾ തിരുവള്ളൂരിന്റെ ഭൂവിസ്തൃതിയുടെ ഏകദേശം 27% ത്തോളം വരും. ആട്, പശു മേയ്ക്കാനുള്ള പുൽമേടുകൾ ഇവിടങ്ങളിലു്. കാലാവസ്ഥാ വ്യതിയാനവും വിവിധതരം നിർമ്മാണ പ്രവർത്തികൾക്ക് ഭൂഘടനയിൽ വരുത്തുന്ന അശാസ്ത്രീയമായ മാറ്റങ്ങളും മണ്ണൊലിപ്പ് ഉൾപ്പെടെയുള്ള ദുരന്തങ്ങൾക്ക് കാരണമായിത്തീരുന്നു്.

## 3. സമതലം

നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള സമതല പ്രദേശം ഭൂവിസ്തൃതിയിൽ 38% ഓളം വരും. ഇടവിളകളും, കിഴങ്ങുവർഗ്ഗങ്ങളും, വാഴകളും ഈ മേഖലയിൽ വ്യാപകമായി കൃഷി ചെയ്യുന്നു്. വടകര - മാഹികനാൽ തിരുവള്ളൂർ സമതല

പ്രദേശത്തെ രായി വിഭജിച്ചാണ് കടന്നുപോകുന്നത്. അരീക്കൽതാഴ, മഠത്തിൽ താഴ, വടക്കയിൽതാഴ, നമ്പിച്ചാംകി തോട് തുടങ്ങിയവ പടിഞ്ഞാറോട്ടും, വായാട്ട് പൊയിൽ, കുമ്പളോട്ട്, വയരോളിതാഴ, വലിയപറമ്പിൽ, നിടൂക്കി, മാനോത്ത്താഴ എന്നീ തോടുകൾ കിഴക്കോട്ടും മേക്കോത്ത്, കനവത്ത് എന്നീ തോടുകൾ തെക്കോട്ടും ചേനാൻകുഴി തോട് വടക്കോട്ടും ഒഴുകുന്നു നീർച്ചാലുകളും വയലുകളും നികത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ആശങ്കാജനകമാണ്.

## 4. ചതുപ്പ് നിലം

തിരുവള്ളൂരിലെ ചതുപ്പ് പ്രദേശം ഭൂവിസ്തൃതിയുടെ ഏകദേശം 4% ത്തോളം വരും. ഒരുപ്പുകൃഷി ഭാഗികമായി മാത്രം സാധ്യമാകുന്നിടമാണിത്. ശുദ്ധജല മത്സ്യ സമ്പത്ത് ഈ പ്രദേശത്ത് കൂടുതലാണ്. കൽ ചെടിയും, കൈതച്ചെടിയും വ്യാപകമായി വളരുന്നിവിടം ജൈവസമ്പുഷ്ട പ്രദേശം കൂടിയാണ്. കുന്നിടിക്കുന്നതിലൂടെ ഇളകുന്ന മണ്ണ് ഒലിച്ചിറങ്ങി ഈ ചതിപ്പുകളിൽ അടിഞ്ഞുകൂടുന്നത് ചതുപ്പിന്റെ സ്വാഭാവികഘടനക്കും, ജൈവസമ്പത്തിനും ഭീഷണി ഉ ാ ക്കു ന്നു ്.

ബാക്കിവരുന്ന ഭൂവിഭാഗത്തിലാണ് ജലാശയങ്ങളും, കനാലുകളും, റോഡുകളും മറ്റും ഉൾപ്പെടുന്നത്.

## 5. കാലാവസ്ഥ

കേരളത്തിന്റെ പൊതുകാലാവസ്ഥയായ മിതശീതോഷ്ണാവസ്ഥയാണ് തിരുവള്ളൂരിലും അനുഭവപ്പെടുന്നത്. കൂടിയ താപനില ശരാശരി 31.90$^{0}$C യും കുറഞ്ഞ താപനില 20.50$^{0}$C യുമാണ്. ഏകദേശം 300 സെ.മീ മഴയാണ് ഇവിടെ ലഭ്യമാകുന്നത്.

## 6. മഴക്കാലം

ജൂൺ പാതിയിൽ തുടങ്ങി ആഗസ്റ്റ് പാതിവരെയും ഒക്ൾടോബർ പാതി മുതൽ നവംബർ അവസാനം വരെയും ഈ നാട്ടിലെ മഴക്കാലമാണ്. എടവപ്പാതിയിലും തുലാപ്പാതിയിലുമാണ് ശക്തമായ മഴ ലഭ്യമാകുന്നത്. 2018, 2019 വർഷങ്ങളിൽ ഓഗസ്റ്റ് പകുതിയിലാണ് പ്രളയവും വെള്ളപ്പൊക്കവുമുായത്.

## 7. തണുപ്പുകാലം

ഡിസംബർ, ജനുവരി മാസങ്ങളിലാണ് തണുപ്പ് അനുഭവപ്പെടുന്നത്.

## 8. വേനൽക്കാലം

ജനുവരി അവസാനം മുതൽ മെയ് പകുതി വരെയാണ് പൊതുവെ ശക്തമായ വേനൽ ചൂട് അനുഭവപ്പെടുന്നത്.

## 9. ജലലഭ്യത

തിരുവള്ളൂർ വില്ലേജിലെ കിഴക്കോട്ട് ഒഴുകുന്ന നീർച്ചാലുകൾ കുറ്റ്യാടിപ്പുഴയിലും, പടിഞ്ഞാറോട്ട് ഒഴുകുന്ന നീർച്ചാലുകളും കോട്ടപ്പള്ളി വില്ലേജിലെ കിഴക്കോട്ടും പടിഞ്ഞാറോട്ടും ഒഴുകുന്ന നീർച്ചാലുകളും വടകര-മാഹി കനാലിലും ഒഴുകിയെത്തുന്നു. തച്ചർപുഴ, എരഞ്ഞിപ്പുഴ, വടകര-മാഹികനാൽ എന്നിവയും സ്വകാര്യ

വ്യക്തികളുടെ കൈവശമുള്ള കുളങ്ങളുമാണ് പ്രധാന ജലസ്രോതസ്സുകൾ. സമതലപ്രദേശങ്ങളിൽ ശരാശരി 8 മീറ്ററിലും കുന്നിൻ പ്രദേശങ്ങളിൽ 16.5മീറ്ററിലും ജലലഭ്യതയു്.

## 10. ഭൂവിനിയോഗം

പാർപ്പിടമുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി കൃഷി ഭൂമിയുൾപ്പെടെ ചെറു ഭാഗങ്ങളാക്കി മാറ്റിക്കൊിരിക്കുകയാണ്. ഈ പ്രണതയും മണ്ണൊലിപ്പും ഭൂഘടനക്ക് ഗുരുതരമായ മാറ്റമുാക്കുന്നു്.

## 11. ജൈവ സമ്പത്ത്.

വൈവിധ്യമാർന്ന സസ്യസമ്പത്തിനാൽ സമ്പന്നമാണ് തിരുവള്ളൂർ. ഔഷധസസ്യങ്ങളുടെ വലിയൊരു കലവറ തന്നെയാണ് തിരുവള്ളൂരിന്റെ ഭൂപ്രദേശം. കുന്നിൻ പ്രദേശങ്ങളിലെ അശാസ്ത്രീയമായ മനുഷ്യ ഇടപെടലുകളാൽ ജീവിവർഗ്ഗങ്ങൾ കുന്നിറങ്ങാനും കൃഷികൾ നശിപ്പിക്കാനും കാരണമാകുന്നു്.

## 12. മൃഗ സമ്പത്ത്

ജീവിത വരുമാനം കത്തൊൻ പശു, ആട് വളർത്തൽ ഏറെ കുടുംബങ്ങൾ ആശ്രയിക്കുന്നു്. ചിലരെങ്കിലും മുയൽ വളർത്തലിനു മുന്നോട്ടു വന്നെങ്കിലും പരിഞ്ജാനകുറവു കൊാകാം വിജയകരമായിട്ടില്ല. കാട്ടുജീവികളിൽ വെരുക്, മുള്ളൻ പന്നി, കുറുക്കൻ, മരപ്പട്ടി, ഉടുമ്പ് തുടങ്ങിയ ജീവികൾ പൊതുവെ രാത്രികാലങ്ങളിൽ കാണപ്പെടുന്നു്.

## 13. മനുഷ്യ വിഭവം

1991ലെ സെൻസസ് അനുസരിച്ച് ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1108 ആണ്. നിലവിലെ ആകെ ജനസംഖ്യ 43364 ആണ് അതിൽ 22118 സ്ത്രീകളും 21246 പുരുഷൻമാരുമാണ്. 1981ലെ സെൻസസ് അപേക്ഷിച്ച് 10 വർഷം കൊ് ജനസംഖ്യ വളർച്ചയിൽ 4480 പേരുടെ വർദ്ധന ഉായിട്ടു്. ഇത് ജില്ലാ ശരാശരിയെക്കാൾ കുറവാണ്. കാർഷിക തൊഴിൽ മേഖല ഉൾപ്പെടെ മറ്റു് പ്രാദേശിക തൊഴിൽ മേഖലകളിൽ തദ്ദേശീയ തൊഴിലാളികൾ കുറഞ്ഞു വരികയാണ്. ഇതര സംസ്ഥാന തൊഴിലാളികൾ ആണ് ഈ മേഖലയിലേക്ക് നിലവിൽ കടന്നു വരുന്നത്.

# അധികാര വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ട്

നൂറ്റാണ്ടുകൾക്കപ്പുറം നീ വൈദേശിക ആധിപത്യത്തിൽ നിന്ന് ലോകം അന്നേവരെ കാണാത്ത സമര രീതികളിലൂടെ 1947 ഓഗസ്റ്റ് 15ന് സ്വാതന്ത്ര്യം ലഭ്യമാകുമ്പോഴുള്ള ഇന്ത്യ കേവലം നാലതിരുകൾക്കുള്ളിലെ ദരിദ്ര ജീവിതങ്ങളുടെ സഞ്ചയമായിരുന്നു. ലോകത്തിലെ വലിയ രാജ്യങ്ങളിൽ ഒന്നായ ഇന്ത്യയ്ക്ക് ജനാധിപത്യ ഭരണ സംവിധാനത്തിൽ രാഷ്ട്രീയ ജീവിതം നൽകി വളർത്തുക യെന്ന ശ്രമകരമായ ദൗത്യമായിരുന്നു അന്നത്തെ ദേശീയ നേതാക്കൾക്ക് ഏറ്റെടുക്കേി വന്നത്.

ജനാധിപത്യഭരണക്രമത്തെ അംഗീകരിക്കാൻ കഴിയാത്തവരുൾപ്പെടെ യുള്ളവർ ഇന്ത്യക്ക് യഥാർത്ഥ സ്വാതന്ത്ര്യം ലഭ്യമായിട്ടില്ല എന്നും നടന്നത് വെളുത്തചൂഷകരിൽ നിന്ന് കറുത്തചൂഷകരിലേക്കുള്ള അധികാര കൈമാറ്റം മാത്രമാണെന്നുമുള്ള വ്യാപക പ്രചാരണങ്ങളുമായി രംഗത്തുായിരുന്നു. സ്വാതന്ത്ര്യാനന്തരകാലത്തെ ആദ്യ വർഷങ്ങളിൽ സ്വാതന്ത്ര്യ ദിനങ്ങൾ കരി ദിനങ്ങളായി ആചരിക്കുക ചിലർ പതിവാക്കിയിരുന്നു. ആന്തരീകവും ബാഹ്യവുമായ ഇത്തരം ഒട്ടേറെ വെല്ലുവിളികളെ അധിജീവിച്ചാണ് പണ്ഡിറ്റ് നെഹ്റു ഭരണസംവിധാനത്തെ മുന്നോട്ടു കൊുപോയത്.

സ്വതന്ത്ര ഭാരതം എങ്ങനെ ഭരിക്കപ്പെടണം എന്നതിൽ രാഷ്ട്രപിതാവ് മുന്നോട്ടുവെച്ചത് ഗ്രാമസ്വരാജ് എന്ന സങ്കൽപ്പമായിരുന്നു. രാജ്യത്തിലെ ഏറ്റവും അടിത്തട്ടിലെ സാധാരണക്കാരൻ പോലും ഭരണസംവിധാനത്തിന്റെയും ഭരണപരമായ തീരുമാനത്തിന്റെയും ഭാഗമായിത്തീരേതാണെന്ന് ഗാന്ധിജി ആഗ്രഹിച്ചു. ഹിന്ദുമതഭ്രാന്തരാൽ ഗാന്ധിജി വധിക്കപ്പെട്ടതിനുശേഷവും ഈ ചിന്ത ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ സജീവമായി നിലനിൽക്കുകയും പലതലത്തിലും ഇതിനായിട്ടുള്ള നിയമനടപടിക്രമങ്ങൾ രൂപപ്പെട്ടു വരികയും ചെയ്തു. ഇതിന്റെ തുടർച്ചയായി രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരിക്കെ 1985ൽ പാർലമെന്റിൽ പഞ്ചായത്തീരാജ് നഗരപാലിക ബില്ല് അവതരിപ്പിക്കപ്പെട്ടെങ്കിലും രാജ്യ സഭയിൽ കോൺഗ്രസ് ഇതര പ്രതിപക്ഷം ഒരുമിച്ച് ബില്ലിനെ എതിർത്ത് പരാജയപ്പെടുത്തുക യായിരുന്നു.

1994ൽ നരസിംഹറാവു പ്രധാനമന്ത്രിയായിരിക്കെ ബില്ല് വീും പരിഗണനക്ക് എടുക്കുകയും പാർലമെന്റിന്റെ അംഗീകാരം നേടുകയും ചെയ്ത തിനെ തുടർന്ന് കേരളത്തിലും അധികാര വികേന്ദ്രീകരണം നടപ്പിലാക്കപ്പെട്ടു. ത്രിതലഭരണ സംവിധാനത്തിന്റെ പുരോഗതി പരിശോധിക്കുമ്പോൾ ഒട്ടേറെ നേട്ടങ്ങളും കുറവല്ലാത്ത വീഴ്ചകളും ബോധ്യപ്പെടും. അധികാര നിർവ്വഹണ നേതൃത്വത്തിലേക്ക്

വനിതകളും, പിന്നോക്ക വിഭാഗങ്ങളും കൂടുതലായ് കടന്നുവന്നു എന്നതാണ് പ്രധാന നേട്ടം. പ്രാദേശിക വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലും പരിഹാര രൂപീകരണത്തിലും ജനകീയ ഇടപെടൽ സാധ്യമായി. കാർഷിക മേഖല കൂടുതൽ ശ്രദ്ധിക്കപ്പെട്ടു.ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള അവശ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ മുഖ്യധാരയിൽ ചർച്ച ചെയ്യപ്പെട്ടു. കുട്ടികളുടേയും, വനിതകളുടേയും ക്ഷേമം ഉറപ്പാക്കപ്പെട്ടു. പരിസ്ഥിതി പ്രശ്നങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതിൽ ജനകീയ ഇടപെടൽ സാധ്യമായി. ഇങ്ങനെ യുള്ള നേട്ടങ്ങൾ ചൂിക്കാണിക്കാൻ കഴിയുമ്പോൾ തന്നെ അധികാര കൈമാറ്റം പൂർണ്ണമായ അർത്ഥത്തിൽ ഇനിയും നിർവ്വഹിക്കപ്പെട്ടിട്ടില്ല എന്നാണ് അനുഭവം. പഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിൽ പലതിലും ബഹ്യ വകുപ്പ് നിയന്ത്രണം നിലനിൽക്കുന്നു്. കൈമാറിയ അധികാരങ്ങൾ നിർവ്വഹിക്കാനനുസൃതമായ ജീവനക്കാരുടെ വിന്യാസം നടന്നിട്ടില്ല. വികസനരൂപരേഖ നിർമ്മിക്കപ്പെടുന്ന ഗ്രാമസഭയിലെ തീരുമാനങ്ങൾ പോലും രാഷ്ട്രീയ താൽപര്യത്തിൽ അട്ടിമറിക്കപ്പെടുന്നു്. പഞ്ചായത്ത് ഫ് വിനിയോ ഗത്തിൽ സർക്കാർ നിർബന്ധ നിർദ്ദേശങ്ങൾ വച്ചു ഇടപെടുന്നത് സുതാര്യവും കാര്യക്ഷമവുമായ പദ്ധതി ആസൂത്രണത്തിന് പ്രയാസം സൃഷ്ടിക്കുകയാണ്.

ലഭ്യമായ നേട്ടങ്ങൾ നിലനിർത്തിയും നിലനിൽക്കുന്ന വീഴ്ചകൾ പരിഹരിച്ചും അധികാര വികേന്ദ്രീകത ഭരണസംവിധാനത്തെ പൂർണ്ണമായ അർത്ഥത്തിൽ മുന്നോട്ടുകൊുപോയാൽ മാത്രമേ അധികാരം ജനങ്ങൾക്ക് എന്ന പ്രഖ്യാപനം പൂർത്തിയാവുകയുള്ളൂ.

# 2021-22 ലെ പ്രത്യേക പദ്ധതികൾ

## വിജയപാഠം

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരത്തിലെത്തിക്കാനും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന വഴികൾ ലഭ്യമാക്കാനും ഉതകുന്ന രീതിയിൽ സാമൂഹ്യ ഇടപെടൽ സാധ്യമാക്കൽ ലക്ഷ്യം വെച്ചാണ് വിജയപാഠം പദ്ധതി ആവിഷ്കരിച്ചത്. ഇതിന്റെ ഭാഗമായി അങ്കൺവാടി, എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി തല ശില്പശാലകൾ സംഘടിപ്പിച്ച് പ്രവർത്തന രൂപ രേഖയുാക്കി ജനസമക്ഷം സമർപ്പിച്ചു. ബഹു. കുറ്റ്യാടി എം.എൽ.എ കെ.പി കുഞ്ഞമ്മദ് കുട്ടിയുടെ അധ്യക്ഷതയിൽ ബഹു. സ്പീക്കർ എം.ബി രാജേഷ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. തുടർ പരിപാടികളായി ഇതുവരെ ഒന്നാംതരം വിദ്യാർഥികൾക്കായി ഒന്നാന്തരം വര, വായനാ വാരാചരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ക്വിസ് മത്സരം, ബഷീർ ദിനത്തിൽ ബഷീർ സ്മരണയിൽ എല്ലാ വിദ്യാലയങ്ങളിലും മാങ്കോസ്റ്റീൻ വൃക്ഷത്തൈ നടൽ തുടങ്ങിയ പരിപാടികൾ നടന്നു കഴിഞ്ഞു.

## കനാലിന് രാമച്ച സുരക്ഷ

തിരുവള്ളൂരിലൂടെ കടന്നുപോകുന്ന വടകര-മാഹി കനാലിന്റെ തീരം ഇടിയൽ ഭീഷണി ഒഴിവാക്കാനും ജൈവിക ആവാസ വ്യവസ്ഥ പരിപോഷിപ്പിക്കാനും വേി കനാലിൽ തീരത്ത് കണ്ണമ്പത്തുകരയിൽ കയർ ഭൂവസ്ത്രം വിരിച്ചും രാമച്ചം വെച്ചുപിടിപ്പിച്ചും. രുമൂന്നു മാസം കൊ് ഇത് നന്നായി തഴച്ചു വളരുകയും ജനശ്രദ്ധ ആകർഷിക്കുകയും ഉദ്ദേശിച്ച ഫലം ലഭ്യമാക്കുകയും ചെയ്തു.



# പ്രകൃതി ദുരന്തം അതിജീവനം

2018-2019 വർഷങ്ങളിൽ ഉായ പ്രളയം സമാനതകളില്ലാത്ത ദുരിതവും, നാശവും ഭീതിയുമാണ് ജനങ്ങളിൽ ഉാക്കിയത്. ഒട്ടേറെ വീടുകളിലും സ്ഥാപനങ്ങളിലും വെള്ളം കയറി. ഹെക്ടർ കണക്കിന് ഭൂമിയിലെ കാർഷിക വിളകൾക്കാണ് നാശം സംഭവിച്ചത്. നൂറ് കണക്കിന് ആളുകളെയാണ് മാറ്റിപാർപ്പിക്കേിവന്നത്. വെള്ളൂക്കര ജി.എൽ.പി. സ്കൂൾ, സൗമ്യത യു.പി.സ്കൂൾ, അബ്ദുള്ള മെമ്മോറിയൽ എൽ.പി. സ്കൂൾ കാഞ്ഞിരാട്ടുതറ, കണ്ണമ്പത്ത്കര എൽ.പി.സ്കൂൾ, തോടന്നൂർ എം.എൽ.പി. സ്കൂൾ, തോടന്നൂർ യു.പി. സ്കൂൾ, എന്നീ ആറ് കേന്ദ്രങ്ങളിലായി ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ക്യാമ്പ് നടത്തിപ്പിന് പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നല്ല സഹകരണമാണ് ഉായത്. പ്രളയാനന്തരം സന്നദ്ധസംഘടനകളും സർക്കാർ സംവിധാനങ്ങളും ഒരുമിച്ച് ശുചീകരണ പ്രവർത്തനം നടത്തിയാണ് മിക്കവീടുകളും തുടർവാസയോഗ്യമാക്കിയത്. ആരോഗ്യ വിഭാഗത്തിന്റെ ജാഗ്രതയോടെയുള്ള പ്രവർത്തനം വെള്ളപ്പൊക്കത്തെ തുടർന്നുായേക്കാവുന്ന പകർച്ച രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ കാരണമായി. പ്രളയത്തിന്റെ ദുരിത ജീവിതം തുടരുന്ന തിനിടയിലേക്കാണ് കോവിഡ് എന്ന മഹാമാരി കടന്നുവന്നത്. രോഗ പ്രതിരോധ പ്രവർത്തനത്തിലും, ചികിത്സയിലും, വാക്സിനേഷനിലും മികച്ചതും കൃത്യവുമായ ഇടപെടൽ ഉായി. തുടക്കത്തിലെ ഭീതിജനകമായ സാഹചര്യത്തെ ബോധവൽകരണത്തിലൂടെയും ആരോഗ്യവകുപ്പ് നിർദ്ദേശിച്ച ജാഗ്രത നടപടികൾ പ്രാവർത്തികമാക്കിയും മറികടക്കാൻ സാധിച്ചു. കോവിഡ് കാരണം 48 ആളുകൾക്ക് ജീവാപായം സംഭവിച്ചിട്ടു്.



# വികസന കാഴ്ചപ്പാട് ലക്ഷ്യം-തന്ത്രം

വർത്തമാന കാലഘട്ടത്തിലെ നമ്മുടെ ആവശ്യങ്ങൾ നാം തന്നെ നിറവേറ്റുന്നതോടൊപ്പം വരാനിരിക്കുന്ന തലമുറയുടെ ആവശ്യങ്ങൾ കൂടി നിറവേറ്റപ്പെടും വിധമുള്ള കൊടുക്കൽ വാങ്ങലുകൾ നടക്കുന്ന വികസന കാഴ്ചപ്പാടാണ് നാടിന് അഭികാമ്യം. പ്രകൃതി വിഭവങ്ങളുടെ കരുതലോടെയുള്ള ഉപയോഗവും, അപകട രഹിതമായ നിർമ്മാണ ഉൽപ്പാദന പ്രക്രിയയും ഉൾക്കൊള്ളുന്ന രീതിയിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ സാധ്യതകളും കഴിവുകളും പരമാവധി ഉപയോഗപ്പെടുത്തി പുരോഗതിയുടെ പുതിയവഴികളിലൂടെ നമ്മുടെ നാടിനൊപ്പാം നടക്കാം.

'മണ്ണറിഞ്ഞ് വളമെറിഞ്ഞാൽ കുന്നോളം വിളവു വരും' ചൊല്ലിനൊത്ത് നീങ്ങാനാണ് ഗ്രാമപഞ്ചായത്ത് ആഗ്രഹിക്കുന്നത്. അതിനായി മണ്ണുപരിശോധന നടത്തി സ്വാഭവവും തരവും അറിഞ്ഞ് അതിനനുസരിച്ചുള്ള കൃഷിരീതിയും, വള പ്രയോഗവും രൂപപ്പെടുത്തും. മാത്രമല്ല പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രതിസന്ധികളും സാധ്യതകളും കൺസൾട്ടൻസിയെ വെച്ച് പഠനം നടത്തി പരിഹാരമാർഗ്ഗങ്ങൾ കത്തെും. മനുഷ്യന്റെ പ്രതിരോധശേഷിക്ക് ഏറ്റവും ഉത്തമമായ മഞ്ഞളിന്റെ കൃഷി ഗ്രാമം മുഴുവൻ വ്യാപിപ്പിക്കും. ഇതുവഴി ലഭ്യമാകുന്ന വിള ഇവിടെ തന്നെ സംസ്കരിച്ച് വിപണനം നടത്തി കൃഷിക്കാർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കാനുള്ള വഴിയൊരുക്കും. 'ബനാനഫാമിംഗ്' എന്ന പദ്ധതിയിലൂടെ വൈവിധ്യമാർന്ന വാഴപ്പഴകൃഷി നടത്തുവാൻ സാധിക്കും. വിവിധ കാരണങ്ങളാൽ നാശം നേരിടുന്ന വ്യത്യസ്തയിനം നാടൻ മാവിനങ്ങൾ സംരക്ഷിച്ച് വിപുലമായ മാമ്പഴ സംസ്കരണ പദ്ധതി നടപ്പാക്കുന്നതോടെ നാടിന്റെ സാമ്പത്തിക പോഷണം മെച്ചപ്പെടും. മാവ് നശീകരണ പ്രവണത തടയുന്നതിനൊപ്പം ശാസ്ത്രീയ നടപടികളിലൂടെ മാവിന് ഭീഷണിയായി വളരുന്ന പുള്ളൂണി പോലുള്ള പരാദസസ്യ നിയന്ത്രണത്തിനും പദ്ധതി വഴിതേടും.

നമ്മുടെ നാട്ടുജീവിതത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ മൃഗ-പക്ഷി പരിപാലനത്തിൽ സൂക്ഷ്മ ശ്രദ്ധ പദ്ധതിപ്രവർത്തനത്തിൽ ഉാകും. ഇത് ലക്ഷ്യം വെച്ചാണ് മൃഗാശുപത്രി സേവനം വിപുലമാക്കാൻ ഉപകേന്ദ്രത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതും, അലങ്കാര ജീവിവളർത്തൽ പ്രോത്സാഹിപ്പിക്കാനുള്ള പെറ്റ്ഫാമിങ്ങും, പാലിൽ നിന്ന് വൈവിധ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള ക്ഷീര സമൃദ്ധിയും നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതി നടത്തിപ്പിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണം പ്രതീക്ഷിക്കാം.

വിദ്യാഭ്യാസ രംഗത്തെ സമഗ്രപുരോഗതിക്കായി രൂപംകൊടുത്ത 'വിജയ പാഠം' പദ്ധതി തുടർന്നും, ആരോഗ്യ വെൽനസ് സെന്റർ ആരംഭിച്ചുമുൾപ്പെടെ ആരോഗ്യ വിദ്യാഭ്യാസ മേഖല സജീവമാക്കാനുള്ള ഇടപെടൽ നടത്താൻ കഴിയും. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന ആരോഗ്യ ശോഷണം സംഭവിച്ചവർക്ക് പ്രോട്ടീൻകിറ്റ് നൽകിയാൽ അവരുടെ ആരോഗ്യം വീടെുക്കാൻ സാധിക്കും. ഐതിഹ്യ പെരുമയുള്ള തേവർവെള്ളന്റെ പേരിൽ ചരിത്ര ഐതിഹ്യ പഠന ഗവേഷണ കേന്ദ്രം സ്ഥാപിച്ചും, സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തിൽ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷത ഗ്രാമീണ ജനതയ്ക്ക് പരിചയപ്പെടുത്തുന്ന പരിപാടികൾനടപ്പാക്കിയും ചരിത്രത്തിനോടും വർത്തമാനത്തിനോടും പദ്ധതി നീതി പുലർത്തും. ഇതിനായി സന്നദ്ധ സംഘടനകളുടെയും, വ്യക്തികളുടെയും, സ്ഥപനങ്ങളുടെയും സഹകരണം ഉപയോഗപ്പെടുത്താം.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ മുഖമായ ഗ്രാമപഞ്ചായത്ത് കാര്യാലയം ആധുനിക സൗകര്യങ്ങളോടുകൂടി ജനസൗഹൃദമായ രീതിയിൽ നവീകരിക്കപ്പെടണം. എല്ലാ വാർഡുകളിലും അത്യാവശ്യ സേവനങ്ങൾ ലഭ്യമാക്കാവുന്ന രീതിയിൽ സിറ്റിസൺ സെന്റർ/ഗ്രാമകേന്ദ്രങ്ങൾ തുടങ്ങി സേവനം കുറച്ചു കൂടി ജനസമീപ മെത്തിക്കണം. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ പദ്ധതിവഴി ലഭ്യമാക്കും. ഗ്രാമപഞ്ചായത്തിലെ റോഡുകൾ പ്രാധാന്യങ്ങൾക്കനുസരിച്ച് തരംതിരിച്ച് കഴിവതും പരസ്പരം ബന്ധിപ്പിച്ച് സമഗ്രമായ റോഡ് കണക്ടിവിറ്റി മാപ്പിന് രൂപംനൽകും.

വിദേശത്ത് തൊഴിൽ തേടിപ്പോയ ഏറെപേരുള്ള തിരുവള്ളൂരിന്റെ പ്രവാസി മനസ്സുകളുടെ ആകുലതകൾ ഉൾക്കൊള്ളാനും ആവുവിധം പരിഹരിക്കാനും, അവരുടെ നിക്ഷേപസാധ്യത സ്വന്തം മണ്ണിൽ ഉറപ്പുവരുത്താനുമായി ഗ്ലോബൽ ഗ്രാമസഭ സംഘടിപ്പിക്കും. അതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രവാസികളെ ഒരു ദിവസം ഒരു വേദിയിൽ എത്തിച്ച് ഓൺലൈൻ ഗ്രാമസഭ ചേരുന്നതാണ്. നമ്മുടെ നാട്ടിലെ വിവര സാങ്കേതിക പരിജ്ഞാനം നേടിയവരുടെ സേവനം ഇതിനുവേി ലഭ്യമാക്കുന്നതാണ്.

ഈ രീതിയിലൊക്കെ നാടു വളരണമെങ്കിൽ ഇവിടം ഇതേപോലെ നിലനിൽക്കേ തു്. കാലാവസ്ഥ വ്യതിയാനം തീർക്കുന്ന വെല്ലുവിളികളെ പ്രതിരോധിച്ച് ജൈവ സന്തുലിതമായ പ്രകൃതിക്ക് പഴുതുകളില്ലാത്ത സംരക്ഷിത വലയം തീർക്കാനാണ് 'ജൈവചത്വരം' പദ്ധതി മുന്നോട്ടു വെക്കുന്നത്.

ഇങ്ങനെ സമഗ്രവും സുതാര്യവും ജന-പ്രകൃതി സൗഹൃദപരവുമായ വികസന ലക്ഷ്യത്തിലേക്ക് അതിവേഗതയോടും കൃത്യതയോടും കൂടി നമുക്കൊന്നിച്ച് എത്തിച്ചേരാൻ കഴിയുമെന്ന ഉത്തമവിശ്വാസത്തോടെ യാത്ര തുടരാം.

## 2023-24 വിഭവ സ്രോതസ്സുകൾ

| | |
|---|---|
| പൊതുവിഭാഗം വികസന ഫണ്ട് .............................................. | 2,34,06,000 |
| പ്രത്യേക ഘടക പദ്ധതി .............................................................. | 33,20,000 |
| **ആകെ** ........................................................................................ | **2,67,26,000** |

**മെയിന്റനൻസ് ഫണ്ട്**

| | |
|---|---|
| റോഡിതരം ........................................................................... | 50,95,000 |
| റോഡ് ................................................................................... | 1,85,67,000 |
| **ആകെ** ........................................................................................ | **2,36,62,000** |

**മേഖല വിഭജനത്തിന് ലഭ്യമാകുന്ന തുക**............................... **2,13,80,800**
(പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടക പദ്ധതി എന്നിവയിൽ നിന്നും 20% കഴിച്ചുള്ള തുക)

ഉൽപ്പാദന മേഖല ................................................................ 30% (കുറഞ്ഞത്)

പശ്ചാത്തല മേഖല ............................................................. 30% (കൂടിയത്)

# വികസന മേഖലകൾ

## 1. പൊതുഭരണം ധനകാര്യം

കഴിഞ്ഞ കാൽ നൂറ്റാിനുള്ളിൽ വലിയ മാറ്റമാണ് ഗ്രാമപഞ്ചായത്ത് ഭരണനിർവഹണ കേന്ദ്രം എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് ഉായിരിക്കുന്നത്. പതിറ്റാിന് മുമ്പ് തന്നെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടന്ന ഓഫീസിപ്പോൾ ഏറെക്കുറെ പൂർണമായി ഓൺലൈൻ സേവന കൈമാറ്റ സംവിധാനത്തിലേക്ക് എത്തിക്കഴിഞ്ഞിരിക്കുകയാണ്. ജില്ലയിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നിന്റെ കാര്യാലയം എന്ന നിലക്കുള്ള സൗകര്യമോ ജീവനക്കാരുടെ വിന്യസമോ നിലവിലില്ലെങ്കിലും പരിമിതികളെ അത്യധ്വാനം കെ് മറികടന്ന് കൃത്യസമയത്ത് സേവനം ഉറപ്പുവരുത്താൻ കഠിന യത്നം നടത്തുന്നു്. പുതുതായി നടപ്പാക്കിയ കഘഎുടെ തുടക്കത്തിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ മറികടന്നു കഴിഞ്ഞിരിക്കുകയാണ്. ടെലിവിഷൻ,പത്രങ്ങൾ, മുലയൂട്ടൽമുറി,ഫസ്റ്റ് എയ്ഡ് സംവിധാനം, കുടിവെള്ളം, വിവര സൂചിക ബോർഡുകൾ, പരാതി- നിർദ്ദേശ പെട്ടികൾ തുടങ്ങിയവ ഫ്രു് ഓഫീസ് നിയന്ത്രണത്തിൽ സജ്ജീകരിക്കപ്പെട്ടിട്ടു്. 2018ൽ ആദ്യമായി ലഭിച്ച ഐ.എസ്.ഒ അംഗീകാരത്തെ തുടർന്നും നിലനിർത്താൻ സാധിച്ചിട്ടു്. പഞ്ചായത്ത് കാര്യാലയത്തിലെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തു കഴിഞ്ഞു. വാർഡ് തലത്തിൽ ഗ്രാമ കേന്ദ്രസംവിധാനം പ്രാവർത്തിക മാക്കാനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണ്.

ഘടക സ്ഥാപനങ്ങളിൽ വെറ്ററിനറി ഉപകേന്ദ്രത്തിനും, 2 മിനി അംഗനവാടികൾ ഉൾപ്പെടെ 4 അംഗനവാടികൾക്കുമാണ് സ്വന്തം കെട്ടിടം ഇല്ലാത്തത്. ഇതിൽ ഭൂമി സൗകര്യമുള്ള 2 അംഗനവാടികളുടെ കെട്ടിട നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്.അംഗനവാടികൾ സ്ഥലസൗകര്യം അനുസരിച്ച് നവീകരിച്ച് ഹൈടെക് ആക്കാനുള്ള ശ്രമവും നടക്കുകയാണ്. യു.പി വിഭാഗത്തിൽ 2ഉം എൽ.പി വിഭാഗത്തിൽ 1ഉം സർക്കാർ വിദ്യാലയമാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഇതിൽ തിരുവള്ളൂർ ജി.എം. യു.പി.സ്കൂൾ സ്ഥലപരിമിതിയുടെ പ്രയാസം ഏറെ അനുഭവിക്കുന്നുങ്കെിലും മികച്ച അക്കാദമിക് നിലവാരം പുലർത്തുന്നു്. ടി.ജി.പി.ജി.യു.പി സ്കൂൾ പൈങ്ങോട്ടായി, വെള്ളൂക്കര ജി.എൽ.പി സ്കൂൾ എന്നിവിടങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ അടിക്കടി ഉാകുന്ന കുറവ് പരിഹരിക്കാൻ നിലവിലുള്ള സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയും അക്കാദമിക് സംവിധാനം കൂടുതൽ ആകർഷകമാക്കിയുമുള്ള നടപടികൾ സ്വീകരിക്കപ്പെടണം.

## പൊതുഭരണം ധനകാര്യം

| | | |
|---|---|---|
| പഞ്ചായത്ത് ഓഫീസ് | | |
| സ്ഥിരം ജീവനക്കാർ | – | 17 |
| താൽകാലികം | – | 2 |
| തൊഴിലുറപ്പ് ജീവനക്കാർ | – | 6 |
| ഹോമിയോ ആശുപത്രി | | |
| ജീവനക്കാർ | – | 4 |
| ആയുർവ്വേദ ആശുപത്രി | – | 4 |
| കൃഷിഭവൻ | | |
| സ്ഥിരം ജീവനക്കാർ | – | 2 |
| താൽക്കാലികം | – | 2 |

## 2. കൃഷി

തിരുവള്ളൂരിന്റെ ഭൂപ്രകൃതി നെല്ല്, നാളീകേരം മറ്റ് നാണ്യവിളകൾക്കൊക്കെ ഏറെ അനുയോജ്യമാണ് എന്നതുകൊ് തന്നെ വലിയൊരു വിഭാഗം ജനങ്ങൾ ജീവനോപാധിയായി ഇന്നും ആശ്രയിക്കുന്നത് കൃഷിയെയാണ്. കഴിഞ്ഞ ര് പ്രളയങ്ങൾ മണ്ണിന്റെ ജൈവഘടനക്ക് മാറ്റമുാക്കിയോ എന്ന ആധി കർഷകരിലു്. വർധിച്ചുവരുന്ന ഉൽപാദനച്ചെലവും സ്ഥിരതയില്ലാത്ത വിപണിമൂല്യവും തൊഴിലാളി ക്ഷാമവും കീടബാധയും പരിമിതമായ രീതിയിൽ മാത്രം സാധ്യമാകുന്ന യന്ത്രോപയോഗവുമൊക്കെ ചേർന്ന് അധ്വാനത്തിലും കുറയുന്ന പ്രതിഫലമാണ് കർഷകർക്ക് നൽകുന്നതെന്നതാണ് വസ്തുത.
തെങ്ങ് കർഷകർക്ക് കുമ്മായവും വളവും, നെൽക്കർഷകർക്ക് മേന്മയുള്ള വിത്തും വളവും, കൂലിച്ചെലവും നൽകിയും, പയർ, നാട്ടുവിള, കിഴങ്ങുവിള കൃഷി പ്രോത്സാഹന നടപടികൾ ഓരോ പദ്ധതി കാലത്തും സ്വീകരിച്ച് കാർഷിക ഉത്പാദന ഉത്തേജക പ്രവർത്തനങ്ങൾ നടത്തുന്നത് ഏറെക്കുറെ പ്രയാസങ്ങൾ പരിഹരിക്കുവാൻ കാരണമാകുന്നു് .ഈ മേഖലക്കായി നീക്കിവെക്കുന്ന മുഴുവൻ വിഹിതവും ചെലവഴിക്കപ്പെടുന്നുമു്.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതിയിൽ 425 ഹെക്ടർ കൃഷിക്ക് അനുയോജ്യമാണ് എന്നാൽ അതിൽ 55 ഹെക്ടർ നിലവിൽ തരിശ്ശായി കിടക്കുകയാണ്. പുഴ,ജലാശയങ്ങൾ, കനാൽ എന്നിവ ജലക്ഷാമം ഒരു പരിധിവരെ പരിഹരി ക്കുന്നുങ്കെിലും ഓരോ വെള്ളക്കയറ്റവും വലിയ പ്രതിസന്ധിയാണ് കൃഷിക്കാർക്ക് ഉാക്കുന്നത്. നിലവിൽ 370 ഹെക്ടർ നിലമാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഇതിൽ തന്നെ ശാസ്ത്രീയകൃഷി നടത്തുന്നത് കേവലം 9 ഹെക്ടർ മാത്രമാണെന്നാണ് കണക്കാക്കപ്പെടുന്നത്.

ഗുണവും മേന്മയുമുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് യന്ത്ര സഹായത്തോടെ പൂർണ്ണമായും ശാസ്ത്രീയ കൃഷി രീതി അവലംബിച്ച് മുഴുവൻ വയലുകളിലും നെൽകൃഷി വ്യാപിപ്പിക്കേതാണ് .

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ഏകദേശം 150 ഹെക്ടർ സ്ഥലത്ത് നാളീകേര കൃഷി ചെയ്തുവരുന്നു്. മേൽസൂചിപ്പിച്ച പ്രതിസന്ധികൾക്ക് പുറമേ കാലാവസ്ഥാവ്യതിയാനവും തെങ്ങ് കർഷകരെ കഷ്ടത്തിലാക്കുന്നു്. ഗുണമേന്മ യുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിൽ വേത്ര ശ്രദ്ധ കഴിഞ്ഞ കാലങ്ങളിൽ ഉായട്ടില്ല. ഈ ന്യൂനത തീർച്ചയായും പരിഹരിക്കും. പ്രാദേശികമായി തന്നെ തേങ്ങയിൽ നിന്ന് ഗുണമേമ്മയുള്ള ഉപോൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കണം.

ചേമ്പ്, ചേന, കാച്ചിൽ, മരച്ചീനി, മധുരക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗ കൃഷിയും ഇഞ്ചി,മഞ്ഞൾ തുടങ്ങിയ ഇടവിള കൃഷികളും, വിവിധങ്ങളായ പച്ചക്കറികളും തിരുവള്ളൂരിന്റെ 55 ഹെക്ടർ ഭൂപ്രദേശത്ത് നടന്നുവരുന്നു്. കീടബാധക്കും, കൃഷി ചെലവിനും, കാലാവസ്ഥ മാറ്റത്തിന്നുമപ്പുറം മുള്ളൻ പന്നി ഉൾപ്പെടെയുള്ള ജീവികൾ കർഷികവിളകൾ നശിപ്പിക്കുന്നത് കനത്ത നഷ്ടമാണ് ഉാക്കുന്നത് .

നാമമാത്രമായ രീതിയിൽ റബ്ബർ, ജാതി, കവുങ്ങ് തുടങ്ങിയ കൃഷികളും നടന്നു വരുന്നു്. മത്സ്യകൃഷിയിൽ കൂടുതൽ ആളുകൾ ഇപ്പോൾ കടന്നു വരുന്നുന്നെത് ശ്രദ്ധേയമാണ്. ഇതിനപ്പുറത്തേക്ക് പുഷ്പ, ഔഷധ, കൂൺ ഉൾപ്പെടെയുള്ള മറ്റു കാർഷിക മേഖലകളിലേയ്ക്കും നമ്മുടെ ശ്രദ്ധ വ്യാപിപ്പിക്കേതു്.

## ഭൂഘടന

| ഇനം | വിസ്തൃതി |
|---|---|
| ആകെ കൃഷിഭൂമി | 425 ഹെക്ടർ |
| കൃഷി നടക്കുന്നത് | 370 ഹെക്ടർ |
| തരിശ് | 55 ഹെക്ടർ |
| വയൽ | 80 ഹെക്ടർ |
| തെങ്ങ് | 150 ഹെക്ടർ |
| കവുങ്ങ് | 60 ഹെക്ടർ |
| കിഴങ്ങ് വർഗ്ഗം | 35 ഹെക്ടർ |
| ഇടവിള | 30 ഹെക്ടർ |
| വാഴ | 40 ഹെക്ടർ |
| പച്ചക്കറി | 30 ഹെക്ടർ |

## 3. മൃഗസംരക്ഷണവും ക്ഷീര വികസനവും

മൃഗപരിപാലനത്തെ തിരുവള്ളൂരിലെ ഒരു വിഭാഗം ജനങ്ങൾ ഇപ്പോഴും ജീവിത വരുമാന മാർഗമായി നിലനിർത്തുന്നു്. സ്ഥലക്കുറവും പരിചരണത്തിലെ പ്രാവീണ്യക്കുറവും, വളർത്തു ചെലവിലെ വർദ്ധനവും ഈ മേഖലയ്ക്ക് പ്രയാസം ഉാക്കുന്നു്. മൃഗസംരക്ഷണ, ക്ഷീരവകുപ്പുകളുടെ ഇടപെടലുകളുടെയും ക്ഷീര സൊസൈറ്റികളുടെ പിന്തുണയും, പഞ്ചായത്ത് പദ്ധതികളുടെ ആനുകൂല്യങ്ങളും ലഭ്യമാക്കപ്പെടുന്നുങ്കെിലും ഈ മേഖലയിൽ കൃത്യമായ വൈവിധ്യവൽക്കരണം നടപ്പാക്കിയാൽ മാത്രമേ വലിയ മുന്നേറ്റം കാഴ്ചവെക്കാൻ കഴിയുകയുള്ളൂ. കിടാരി വിതരണവും, പാലിന് ഇൻസെന്റീവും, തീറ്റപ്പുൽകൃഷിയുടെ വ്യാപനവുമൊക്കെ തുടർന്നുവരുന്നുങ്കെിലും ഇതുകൊാന്നും ഈ മേഖലയിലേക്ക് യുവതലമുറ ആകർഷിക്കപ്പെട്ടിട്ടില്ല. മറിച്ച് ലഭ്യമാകുന്ന വിഭവങ്ങളിൽ നിന്നൊക്കെ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയൊരുക്കി വരുമാനവഴി ഒരുക്കേതു്. തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായവർക്ക് മെച്ചപ്പെട്ട തൊഴുത്ത് നിർമിച്ചു നൽകണം. എല്ലാവർഷവും മുട്ടക്കോഴി വിതരണം നടക്കാറുങ്കെിലും അതിന്റെ സാമൂഹിക പ്രതിഫലനം വിലയിരുത്തപ്പെടാറില്ല. അതിനായി എഗ്ഗർ സൊസൈറ്റി പ്രവർത്തനം തുടങ്ങണം. കൂടാതെ പെറ്റ് ഫാർമിംഗ്, അലങ്കാര മൃഗ, പക്ഷി വളർത്തൽ പ്രോത്സാഹിപ്പിച്ച് വരുമാനം ഉാക്കി നൽകാൻ കഴിയും.

### മൃഗസംരക്ഷണം

| | |
|---|---|
| ക്ഷീരസംഘം | 4 |
| ക്ഷീരകർഷകർ | 1536 |
| ആട് കർഷകർ | 824 |
| പോത്ത് വളർത്തുന്നവർ | 3 |
| പശുക്കുട്ടികൾ | 541 |
| വളർത്തു പൂച്ചകൾ | 180 |
| വളർത്തു നായ്കൾ | 189 |
| തെരുവ് നായ്കൾ | 250 |
| പശു ഫാമുകൾ | 5 |
| ആട് ഫാമുകൾ | 3 |
| പശു സങ്കരയിനം | 2,275 |
| പശു വിദേശ ഇനം | 3 |
| പശു നാടൻ | 81 |
| തനി നാടൻ | 12 |
| ആകെ | 2,371 |
| ആടുകൾ | |
| നാടൻ മലബാറി | 555 |

| | |
|---|---|
| സങ്കരയിനം | 533 |
| ആകെ | 1088 |
| താറാവുകൾ | 157 |
| കോഴി | 18,535 |
| ടർക്കികൾ | 4 |
| കാടകൾ | 67 |
| ഗിനികോഴി | 14 |
| ഗീസ് | 2 |

## 4. പ്രാദേശിക സാമ്പത്തിക വികസനം.

തിരുവല്ലൂർ ഗ്രാമപ്പഞ്ചായത്തിൽ ചെറുകിട വ്യവസായം എന്നത് തുലോം തുച്ഛമാണ്. ഭക്ഷ്യോല്പന്ന നിർമ്മാണം, പലഹാര നിർമ്മാണം, ലോഹായുധ, കളിമൺപാത്ര നിർമ്മാണം, തുണി ഉൽപ്പന്നങ്ങൾ, കൈതോല, മുള തുടങ്ങിയവ ഉപയോഗിച്ചുള്ള വിവിധ ഉല്പന്നങ്ങൾ എന്നിവ കൊള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ഈ നാട്ടിലുള്ള സാധ്യത അറിഞ്ഞു പ്രയോജനപ്പെടു ത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇവയ്ക്കൊക്കെ പ്രോത്സാഹനം കൊടുക്കുന്ന തിനോടൊപ്പം തോടന്നൂരിലെ ഖാദി യൂണിറ്റ് നവീകരിക്കേതും ഉ്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം ലഭ്യ മാക്കാനുള്ള പ്രവർത്തനവും നടക്കുന്നു്. പഞ്ചായത്തിലെ കുടുംബശ്രീ സംവി ധാനത്തിന് കുടിൽ വ്യവസായ പ്രോത്സാഹനത്തിൽ ശ്രദ്ധേമായ പിന്തുണ നൽകാൻ ഇതുവരെ കഴിഞ്ഞില്ല എന്ന പോരായ്മയും പരിഹരിക്കേതു്. പഞ്ചായത്തിലെ വലിയൊരു ഭാഗം ജനങ്ങൾ പ്രവാസജീവിതം നയിക്കുന്ന വരാണ്. നിക്ഷേപ സൗഹൃദാന്തരീക്ഷം ഒരുക്കി പ്രാദേശിക സാമ്പത്തിക വികസ നത്തിൽ പ്രവാസി സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കും.

## 5. ദാരിദ്ര്യലഘൂകരണം

ദാരിദ്ര്യാവസ്ഥ അനുഭവിക്കുന്നവരുടെ എണ്ണം പൊതുവേ ക്രമാനുഗതം കുറയുകയാണ് എങ്കിലും ശരാശരിയിൽ താഴെ ജീവിത നിലവാരത്തിലുള്ളവർ ഇപ്പോഴുമു്. ഇവരുടെ അടിയന്തരാവശ്യമാണ് വാസഗൃഹം. ലൈഫ് പദ്ധതിയിൽ ഇതുവരെ. ജനറൽ 33 വീടുകളും എസ്.സിയിൽ 17 വീടുകളുമാണ് നൽകിയത്. പുതുതായി ക്രോഡീകരിക്കപ്പെട്ട പട്ടികയിൽ ഏകദേശം 250ലേറെ പേർ അർഹതാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടു്. ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കുന്ന തിനൊപ്പം പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ വീട് വാസയോഗ്യമാക്കൽ പ്രവർത്തനം തുടരുന്നതാണ്.

കുടുംബശ്രീ വഴി ഉൾപ്പെടെ വരുമാനദായകമായ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കപ്പെടാറുണ്ടെങ്കിലും ഉദ്ദേശിച്ച കാര്യ പ്രാപ്തിയിലേക്ക് പല പദ്ധതികളും എത്താത്തത് പരിശോധിച്ചു പരിഹാരം കാണും. ദേശീയ ദാരിദ്ര്യ ലഘൂകരണ പദ്ധതി കളുടെ ഭാഗമായ് നടപ്പിലാക്കപ്പെട്ട എം.ജി.എൻ.ആർ.ഇ.ജി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി തൊഴിൽ ദിനവും ധനവിനിയോഗവും മെച്ചപ്പെടുത്തും.

## ദാരിദ്ര്യ ലഘൂകരണം

| | | |
|---|---|---|
| ആകെ കുടുംബശ്രീ യൂണിറ്റുകൾ | – | 392 |
| ആകെ അംഗങ്ങൾ | – | 5491 |
| സംരംഭങ്ങൾ | – | 50 |
| ജെ.എൽ.ജി. ഗ്രൂപ്പുകൾ | – | 230 |

## 6. സാമൂഹ്യനീതി

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവരെ സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊു വരാനുള്ള സക്രിയമായ ഇടപെടലാണ് കഴിഞ്ഞ കാൽ നൂറ്റാുകളായി നടന്നുവരുന്നത്. എല്ലാ ക്ഷേമ പെൻഷനുകളും കാര്യക്ഷമമായി വിതരണം നടത്തുവാൻ കഴിയുന്നു്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി വിവിധ ഉപകരണങ്ങൾ നൽകൽ, ഭിന്നശേഷിക്കാരുടെ കലാകായിക മേളകൾ, സ്കോളർഷിപ്പ്, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ്, സാധു വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം, എന്നിവ തൃപ്തികരമായി നടന്നുവരുന്നു. വയോജന കേന്ദ്രത്തിന്റെ പ്രവർത്തനം പൂർണ രീതിയിലേക്ക് എത്തിക്കേതായിട്ടു്. പഞ്ചായത്തിൽ ആകെയുള്ള അംഗനവാടികളിൽ ര് മിനി അംഗനവാടികൾ ഉൾപ്പെടെ നാല് അംഗനവാടികൾക്ക് നിലവിൽ സ്വന്തം കെട്ടിടമില്ല ഇതിൽ ര് അംഗനവാടി കെട്ടിടങ്ങളുടെ നിർമാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു മറ്റ് അംഗനവാടികളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കഴിവതും ഹൈടെക് സംവിധാനത്തിലേക്ക് എത്തിക്കാനുള്ള ശ്രമം നടന്നുവരികയാണ്.

| | |
|---|---|
| ആകെ അങ്കണവാടി | - 35 (2 മിനി) |
| കെട്ടിടം സ്വന്തം | - 31 |
| വാടക | - 4 |
| വർക്കർ | - 33 താൽകാലികം 2 |
| ഹെൽപ്പർ | - 31 താൽകാലികം 2 |
| വൈദ്യുതി ഇല്ലാത്തത് | - 1 |
| കുടിവെള്ളം ഉള്ളത് | - 2 |
| കുടിവെള്ളം ഇല്ലാത്തത് | - 33 |
| കളിസ്ഥലം ഉള്ളത് | - 3 |
| കളിസ്ഥലം ഇല്ലാത്തത് | - 32 |
| ശിശുസൗഹൃദ ഫർണീച്ചർ ഉള്ളത് | - 7 |
| കളി ഉപകരണങ്ങൾ ഉള്ളത് | - 35 |
| ചുറ്റുമതിൽ ഇല്ലാത്തത് | - 15 |
| കോൺക്രീറ്റ് കെട്ടിടം | - 31 |
| ഓട് | - 4 |
| കുട്ടികൾ 0 മുതൽ 6 വയസ്സ് വരെ<br>ആൺകുട്ടികൾ | - 1449 |
| പെൺകുട്ടികൾ | - 1344 |
| ഭിന്നശേഷി കുട്ടികൾ | |
| ആൺകുട്ടികൾ | - 30 |
| പെൺകുട്ടികൾ | - 27 |
| വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ<br>ശേഷി ഇല്ലാത്തവർ | |
| ആൺകുട്ടികൾ | - 14 |
| പെൺകുട്ടികൾ | - 12 |
| ആകെ ഭിന്നശേഷിക്കാർ<br>ആൺ | - 289 |
| പെൺ | - 230 |
| മാനസിക വൈകല്യമുള്ളവർ<br>ആൺ | - 54 |
| പെൺ | - 43 |
| പഞ്ചായത്തിലെ ഗർഭിണികൾ | - 283 |
| പാലൂട്ടുന്ന അമ്മമാർ | - 255 |
| കൗമാരപ്രായക്കാർ | - 2473 |

## 7. ജെൻഡറും കുട്ടികളും

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പാക്കാൻ എല്ലാ പദ്ധതിക്കാലത്തും സൂക്ഷ്മ ശ്രദ്ധ പുലർത്തിയിട്ടു്. അതിന്റെ ഭാഗമായാണ് അനുപൂരക പോഷകാഹാരം, കൗമാര പെൺകുട്ടികളുടെ ക്ഷേമം ഉൾപ്പെടെയുള്ള ചുവടുകൾ ഉായത്. പാരിസ്ഥിതിക സാമൂഹിക തിന്മകൾക്കെതിരെയുള്ള പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിക്കുന്നത് സ്ത്രീകളാണ്. എല്ലാ വാർഡുകളിലും ജാഗ്രത സേനകൾ രൂപംകൊങ്കെിലും അത് വേ രീതിയിൽ പ്രവർത്തനസജ്ജമായിട്ടില്ല. അംഗണവാടികൾ കേന്ദ്രീകരിച്ച് സ്ത്രീ ശാക്തീ കരണ പ്രവർത്തനങ്ങൾ ശക്തമായി നടന്നുവരികയാണ്. സ്ത്രീ ശാക്തീകരണത്തിന് കാര്യമായ പിന്തുണ നൽകേതാണ് കുടുംബശ്രീ സംവിധാനം. നിലവിൽ താരതമ്യേന മന്ദീഭവിച്ച അവസ്ഥയിലുള്ള കുടുംബശ്രീ സംവിധാനത്തെ കൂടുതൽ സക്രിയമാക്കാ നുള്ള നടപടിയെടുക്കും. കുട്ടികളുടെ മാനസീകഉല്ലാസം നിർബന്ധഘടകമാ യായതിനാൽ കിഡ്സ് പാർക്ക് യാഥാർത്ഥ്യമാക്കി ഈ ലക്ഷ്യം കൈവരിക്കും.

## 8. പട്ടികജാതി വികസനം

സമൂഹത്തിൽ ഏറ്റവും കരുതൽ ആവശ്യമായ പട്ടികജാതി മേഖലയിൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞിട്ടു്. എങ്കിലും സാമൂഹ്യ പുരോഗതി പൂർണമായി നടപ്പാക്കുന്ന ലക്ഷ്യത്തിലേക്ക് ഇനിയും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. മൂന്ന് പട്ടികജാതി കോളനികൾ തിരുവല്ലൂർ ഗ്രാമപഞ്ചായത്തി ലു് പട്ടികജാതി ജനസംഖ്യ 1289 വരും. വീടുവാസ യോഗ്യമാക്കൽ പ്രക്രിയ തുടർന്നുവരുന്നു്. ഇനി ഈ വിഭാഗത്തെ വിദ്യാഭ്യാസം രംഗത്ത് പ്രത്യേകിച്ച് ആധുനിക സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്ത രാക്കുക എന്ന ലക്ഷ്യമാണുള്ളത്. ഇതിനായി വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്ന തിനായി പഠനമുറി ഫർണിച്ചർ ലാപ്ടോപ്പ് ഉൾപ്പെടെ ലഭ്യമാകുന്ന പദ്ധതി തുടരുകയാണ് പരമ്പരാഗത തൊഴിൽ സംരക്ഷിച്ചു ഉൽപ്പന്നങ്ങൾക്ക് വിപണി കത്തൊൻ ആവശ്യമായ സംവിധാനങ്ങൾ ഉാക്കും ഐതിഹ്യ പെരുമയുള്ള തേവർ വെള്ളന്റെ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കും. മുമ്പ് പലപ്പോഴും പദ്ധതി വിഹിതം പൂർണ്ണമായും ചിലവഴി ക്കപ്പെടാത്ത സാഹചര്യം ഉായിരുന്നു.ഇത് ആവർത്തിക്കപ്പെടാതിരിക്കാൻ കർശനമായ ഇടപെടലുകൾ ഉാകും.

| | |
|---|---|
| പട്ടികജാതി കോളനികൾ | 3 |
| 2021-22ൽ പഠനമുറി നൽകിയത് | 4 |
| മേശ, കസേര നൽകിയത് | 50 |
| വിവാഹ ധനസഹായം നൽകിയത് | 5 |
| പട്ടികജാതി സങ്കേതം | 11 |
| പട്ടികജാതി ജനസംഖ്യ | 1,453 |
| പട്ടികജാതി കുടുംബം | 360 |

## 9. ആരോഗ്യം

കോവിഡ് ശേഷിപ്പിച്ച ഭയവും ആശങ്കയും നിലനിൽക്കുകയാണ്. ജീവിതശൈലി രോഗങ്ങളും പകർച്ചവ്യാധികളും, മറ്റു മാരക രോഗങ്ങളും വലിയ രീതിയിൽ വർദ്ധിക്കുന്നു്. ആശാപ്രവർത്തകർ വളരെ കൃത്യതയോടെ അവരുടെ ജേലി നിർവ്വഹണം തുടരുന്നു്. പഞ്ചായത്തിന് കീഴിൽ 6 ആരോഗ്യ ഉപകേന്ദ്രങ്ങളാണുള്ളത്. അതിൽ 5 എണ്ണത്തിനു സ്വന്തം കെട്ടിടമായിക്കഴിഞ്ഞു. കണ്ണമ്പത്ത്കരയിൽ ഉപകേന്ദ്രത്തിനായി ലഭ്യമായ സ്ഥലത്ത് വിശാല സൗകര്യത്തോടെ വെൽനസ് സെന്ററാണ് ലക്ഷ്യമിടുന്നത്. കാഞ്ഞിരാട്ട്തറയിലെ കമ്യൂണിറ്റി ഹെൽത്ത് സെന്ററിലും ചെമ്മരത്തൂരിലെ ആയുർവേദ ഹോസ്പിറ്റലിലും അത്യാവശ്യ സൗകര്യങ്ങൾ ലഭ്യമാണ്. കോട്ടപ്പള്ളിയിലെ ഹോമിയോ ഹോസ്പിറ്റലിനുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. തിരുവള്ളൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുക എന്നത് ദീർഘ കാലത്തെ ആവശ്യമണെങ്കിലും യാഥാർത്യത്തിലേക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല. വലിയ രീതിയിലുള്ള അന്തരീക്ഷ ജലമലിനീകരണങ്ങൾ ആരോഗ്യ ജീവിതത്തിന് ഉയർത്തുന്ന വെല്ലുവിളി മറികടക്കേത് അനിവാര്യമാണ്. ഇ-കോളി ബാക്ടീരിയ വ്യാപനം തടയുന്നതിലേക്കായി ലീച്ച്പിറ്റ് ടാങ്കിന് പകരം സെപ്റ്റിക് ടാങ്ക് വ്യാപകമാക്കേ പദ്ധതി രൂപപ്പെടുന്നു്.

| | | |
|---|---|---|
| ആരോഗ്യ ഉപകേന്ദ്രങ്ങൾ | – | 6 |
| സ്വന്തം കെട്ടിടം | – | 5 |
| ആശാവർക്കർമാർ | – | 20 |
| പാലിയേറ്റീവ് കെയർ യൂണിറ്റ് | – | 1 |
| സർക്കാർ ഹോമിയോ ആശുപത്രി | – | 1 |
| സർക്കാർ ആയുർവ്വേദ ആശുപത്രി | – | 1 |
| സ്വകാര്യ ക്ലിനിക്കുകൾ | – | 4 |
| സ്വകാര്യ ആയുർവ്വേദ ആശുപത്രി | – | 1 |
| സ്വകാര്യ ഹോമിയോ ക്ലിനിക്ക് | – | 3 |
| സ്വകാര്യ ഡെന്റൽ ക്ലിനിക്ക് | – | 4 |

## 10. കുടിവെള്ളം ശുചിത്വം

തിരുവള്ളൂരിന്റെ ചില മേഖലകളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. നിലവിൽ ആകെയുള്ള 39 കുടിവെള്ള പദ്ധതികളിൽ 27 എണ്ണമാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. ചില കുടിവെള്ള പദ്ധതികളുടെ കിണറുകൾ നിർമ്മിക്കപ്പെട്ട സ്ഥലത്തിന്റെ പ്രത്യേകത കൊ് വെള്ളത്തിന് ഗുണനിലവാരക്കുറവ് ആരോപിക്കപ്പെടുന്നു്. ജനസേചനത്തിന്റെ കൂടെ കുടിവെള്ളക്ഷാമ പരിഹാര ത്തിനുമുതകുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ കിണർ നിർമ്മാണം ലക്ഷ്യമിടുന്നു്. 2022- 23ൽ പുലക്കുന്നു കുടിവെള്ള പദ്ധതി, തുമ്പോളിമുക്ക് കുടിവെള്ള പദ്ധതി, കരിമ്പാകിപ്പാറ കുടിവെള്ള പദ്ധതി, വടക്കേക്കി കുടിവെള്ള പദ്ധതി എന്നിവ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ജൽജീവൻ മിഷൻ ഉദ്ദേശിക്കുന്ന രീതിയിൽ നടപ്പായാൽ കുടിവെള്ളക്ഷാമത്തിന് പരിപൂർണ്ണ പരിഹാരം ഉാക്കാൻ കഴിയും.

പരിസര മലിനീകരണം നിയന്ത്രിക്കാൻ എടുക്കുന്ന നടപടികൾ ഒന്നും തന്നെ പൂർണ്ണ ഫലപ്രാപ്തിയിലേക്ക് എത്തുന്നില്ല. ഒരു വിഭാഗം ജനങ്ങളുടെ ഭാഗത്തുനിന്ന് ഗുരുതരമായ നിസ്സഹകരണം ഈ കാര്യത്തിലു്. ഹരിത സേന വഴി പാഴ് വസ്തു ശേഖരണം കാര്യക്ഷമമായി നീക്കം ചെയ്യുന്നുങ്കിലും പൂർണ്ണ സഹകരണം ഇക്കാര്യത്തിലും ജനങ്ങളുടെ ഭാഗത്ത് നിന്നുാവുന്നില്ല. ബോധവൽക്കരണം കൂടുതൽ ശക്തമാക്കി നിയമലംഘനത്തിന് കർശനമായ പിഴ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കും. സമ്പൂർണ്ണ പ്ലാസ്റ്റിക് മുക്ത ഗ്രാമമായ് നമ്മുടെ നാട് മാറേതു്. പാഴ് വസ്തു തരംതിരിച്ച് കയറ്റി അയക്കാനുള്ള ങഇഎ സ്ഥാപിക്കേത് അനിവാര്യമാണ്.

| | | |
|---|---|---|
| കുടിവെള്ള പദ്ധതികൾ | – | 39 |
| ഗുണഭോക്താക്കൾ | – | 1630 |
| പ്രവർത്തന സജ്ജം | – | 27 |
| ഹരിതസേന അംഗങ്ങൾ | – | 21 |

## 11. വിദ്യാഭ്യാസം കലാസംസ്കാരം

ഹയർസെക്കൻഡറിവരെയുള്ള പഠനസൗകര്യങ്ങളിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രയാസങ്ങൾ അനുഭവിക്കുന്നില്ല. എൽ.പി വിഭാഗത്തിൽ 20 ഉം (സർക്കാർ- എയ്ഡഡ്) യു.പി വിഭാഗത്തിൽ 6 ഉം (സർക്കാർ-എയ്ഡഡ്) ഹൈസ്കൂൾ, ഹയർസെക്കൻഡറിയിൽ 1 വിദ്യാലയവും ഈ ഗ്രാമപഞ്ചായ ത്തിൽ പ്രവർത്തിക്കുന്നു്. എന്നാൽ ഹയർസെക്കൻഡറിക്ക് ശേഷമുള്ള ഉപരിപഠനത്തിന് പൂർണ്ണമായും ദൂരദേശങ്ങളെയാണ് വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. അൺ എയ്ഡഡ് മേഖലയിൽ 3 വിദ്യാലയങ്ങൾ ഉങ്കിലും പൊതുവിദ്യാലയത്തിലേക്കാണ് നിലവിൽ കുട്ടികൾ ഏറെ ആകർഷിക്കപ്പെ ടുന്നത്. മുഴുവൻ പൊതു വിദ്യാലയങ്ങളും പ്രത്യേകിച്ച് സർക്കാർ വിദ്യാലയങ്ങൾ പാശ്ചാത്തല സാങ്കേതിക സൗകര്യങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു്. സർക്കാർ മേഖലയിൽ തിരുവള്ളൂർ ജി.എം.യു.പി സ്കൂൾ സ്ഥലപരമിതി ഏറെ അനുഭവിക്കുന്നുങ്കെിലും കുട്ടികൾ ഏറെ ആകർഷിക്കപ്പെടുന്ന വിദ്യാലയമാണ്. തിരുവള്ളൂർ ഗവൺമെന്റ് യു.പി സ്കൂൾ പൈങ്ങോട്ടായിയിലും, വെള്ളൂക്കര ജി.എൽ.പി യിലും അടിയന്തരമായി ജനകീയ ഇടപെടൽ ഉാകും. പാതിവഴിയിൽ പഠനം ഉപേക്ഷിക്കപ്പെട്ടവർ ക്കായുള്ള 2 തുടർ പഠന കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു്. പഞ്ചായത്ത് നിയന്ത്രണത്തിൽ 1 ഗ്രന്ഥാലയവും 2 സംസ്കാരിക കേന്ദ്രങ്ങളും പ്രവർത്തി ക്കുന്നു്. സഞ്ചരിക്കുന്ന ഐ.ടി. ലൈബ്രറി ഉൾപ്പെടെയുള്ള പുതിയ ചുവട് വെയ്പുകൾ ഈ രംഗത്തുാകും.

## സ്കൂളുകൾ

| | | |
|---|---|---|
| എൽ.പി.സ്കൂൾ | – | 20 |
| യു.പി.സ്കൂൾ | – | 6 |
| ഹൈസ്കൂൾ | – | 1 |
| ഹയർസെക്കറി | – | 1 |
| അൺ എയിഡഡ് | – | 3 |
| സർക്കാർ വിദ്യാലയങ്ങൾ | – | 3 |
| അംഗീകാരമുള്ള ഗ്രന്ഥശാലകൾ | – | 8 |
| വായനശാല | – | 3 |

| | | |
|---|---|---|
| സാംസ്കാരിക കേന്ദ്രം | - | 2 |
| ഹൈസ്കൂൾ തലം വരെ ആകെ വിദ്യാർത്ഥികൾ | - | 3947 |
| ആൺകുട്ടികൾ | - | 1972 |
| പെൺകുട്ടികൾ | - | 1975 |
| എസ്.സി. ആൺ | - | 78 |
| എസ്.സി. പെൺ | - | 60 |
| ഭിന്നശേഷി ആൺ | - | 30 |
| ഭിന്നശേഷി പെൺ | - | 24 |
| ശൗചാലയം ആൺ | - | 70 |
| ശൗചാലയം പെൺ | - | 69 |
| അധ്യാപകർ | - | 211 |
| താൽകാലികം | - | 18 |
| മറ്റ് ജീവനക്കാർ | - | 12 |

## 12. പൊതുമരാമത്ത്- വൈദ്യുതിയും ഊർജ്ജവും.

കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിൽ ഒന്നായ തിരുവള്ളൂരിൽ റോഡ് വികസനത്തിൽ കഴിഞ്ഞ 25 കൊല്ലത്തിനിടയിൽ മികച്ച മുന്നേറ്റമാണ് ഉായിട്ടുള്ളത്. വടകര-ചാനിയംകടവ്-പേരാമ്പ്ര റോഡ്, തിരുവള്ളൂർ-ആയഞ്ചേരി റോഡ്, കാവിൽ -തീക്കുനി റോഡ്, വില്യാപ്പള്ളി -ആയഞ്ചേരി റോഡ്,തോടന്നൂർ- ചെരത്തൂർ റോഡ് എന്നിവ ബസ് ഗതാഗതമുള്ള പ്രധാന റോഡുകളാണ്. മൺ റോഡുകൾ നവീകരിച്ച് ടാർ റോഡുകളും, കോൺക്രീറ്റ് റോഡുകളും ആയി മാറുന്നതിനനുസരിച്ച് ഒട്ടേറെ പുതിയ റോഡുകൾ രൂപം കൊള്ളുന്നു്. പദ്ധതിയിൽപ്പെടുത്തി നവീകരിക്കുന്നത് കൂടാതെ വിവിധ സർക്കാർ ഫുകൾ, എംപി, എംഎൽഎ ഫുകൾ, തൊഴിലുറപ്പ് ഫുകളുമൊക്കെ റോഡ് നിർമ്മാണത്തിൽ വിനിയോഗിക്കപ്പെട്ടിട്ടു്. എങ്കിലും ഇപ്പോഴും നൂറുകണക്കിന് റോഡുകൾ നവീകരിക്കപ്പെടാൻ ശേഷിക്കുന്നു്. ആവശ്യകതക്ക് പ്രാധാന്യം നൽകി കാലക്രമത്തിൽ ഈ റോഡുകളൊക്കെ പരിഷ്കരിക്കാൻ കഴിയും. ഗ്രാമപഞ്ചായത്തിലെ മുഴുവൻ റോഡുകളുമുൾക്കൊള്ളുന്ന കണക്ടിവിറ്റി മാപ്പ് രൂപപ്പെടുത്താൻ തീരുമാനമെടുത്തു കഴിഞ്ഞിരിക്കുകയാണ്.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ തെരുവ് വിളക്കുകളും കൃത്യമായ അറ്റകുറ്റപ്പണി ഇപ്പോൾ നടന്നു വരുന്നു്. ഇക്കാലത്തിനിടയിൽ 4.5ഗങ്ങ മാത്രമെ സ്ട്രീറ്റ് മെയിൻ വലിച്ചിരുന്നുള്ളൂ. 50% സബ്സിഡി KSEB അനുവദിച്ചിരുന്ന കാലത്തു പോലും സ്ട്രീറ്റ് മെയിൻ വലിക്കുന്ന കാര്യത്തിൽ ശുഷ്കാന്തി കാണിച്ചിരുന്നില്ല എന്നാണ് വ്യക്തമാകുന്നത്. ഇപ്പോൾ ആവശ്യമായ തുക അടച്ച് പ്രധാന പാതകളിലെല്ലാം സ്ട്രീറ്റ് മെയിൻ വലിക്കുന്ന നടപടി തുടരുകയാണ്. ഗ്രാമപഞ്ചായത്ത് കാര്യാലയവും ഘടക സ്ഥാപന ഓഫീസുകളും സൗരോർജ ഉപയോഗത്തിലേക്ക് മാറ്റാനുള്ള ആലോചനകൾ ആരംഭിച്ചിട്ടു്.

| | | |
|---|---|---|
| തെരുവ് വിളക്ക് | – | 1165 |
| ഹൈമാസ്റ്റ് | – | 2 |
| മിനിമാസ്റ്റ് | – | 9 |
| ടാർ റോഡ് | – | 54.736 കിലോമീറ്റർ |
| മെറ്റൽ | – | 18.364 കി.മീ |
| മൺറോഡ് | – | 130.287 കി.മീ. |

## 13. ജൈവവൈവിധ്യ മാനേജ്മെന്റ് കാലവസ്ഥ.

ഏതാ് മൂന്ന് പതിറ്റാ് മുമ്പ് വരെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ വലിയൊരു ഭാഗം വയലുകളായിരുന്നു. വയലുകളും, നീർച്ചാലുകളും, മരങ്ങളും കുറ്റിച്ചെടികളും നിറഞ്ഞ കുന്നുകളും, ജലാശയങ്ങളും, ജനവാസമുള്ള സമതല പ്രദേശങ്ങളും ഉൾപ്പെടുന്ന തിരുവള്ളൂരിന്റെ ഭൂമിശാസ്ത്രം പെട്ടെന്നാണ് മാറ്റ ങ്ങൾക്ക് വിധേയപ്പെട്ടത്. കുന്നുകൾ ഇടിക്കലും, വയലുകളും, തോടുകളും നികത്തലും വ്യാപകമായി. മരങ്ങൾ വിവിധങ്ങളായ ആവശ്യങ്ങൾക്കായി മുറിച്ചു മാറ്റപ്പെട്ടു. പാറകൾ വ്യാപകമായി ഖനനം ചെയ്യപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ ജനങ്ങളുടെ അനിയന്ത്രിതവും അശാസ്ത്രീയവുമായ ഇടപെടലുകൾ തിരുവള്ളൂ രിന്റെ ഭൂപ്രകൃതിയേയും, ജൈവീക ആവാസവ്യവസ്ഥയേയും തകിടം മറിച്ചിരിക്കു കയാണ്. കഴിഞ്ഞ രു പ്രളയങ്ങൾ ചെറുതല്ലാത്ത പരിക്കാണ് നാട്ടിനുാക്കിയത്. പൊതുജന സഹകരണം ഉറപ്പാക്കി പ്രകൃതി ചൂഷണവും മലിനീകരണവും അടിയന്തിരമായി നിയന്ത്രിക്കപ്പെടേതു്. കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാലയങ്ങൾ, സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എന്നിവയെയൊക്കെ സഹകരിപ്പിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ജൈവചത്വരമെന്ന പേരിൽ വിപുലമായ പദ്ധതിയാണ് ഗ്രാമപഞ്ചായത്ത് ഇതിനായി ആവിഷ്കരിച്ചിരിക്കുന്നത്.

| | | |
|---|---|---|
| കാവുകൾ | – | 6 |
| ചെറുകാടുകൾ | – | 2 |
| കുളങ്ങൾ | – | 56 |
| കൽ വനം | – | 4.5 ഏക്കർ |
| ജലാശയം | – | 4 ഹെക്ടർ |

# വികസന സ്ഥിതി അവസ്ഥ

തിരുവള്ളൂർ, കോട്ടപ്പള്ളി എന്നീ ര് വില്ലേജുകൾ ഉൾപ്പെടുന്ന തിരുവള്ളൂർ പഞ്ചായത്തിന്റേത് ഏറെക്കുറേ പൂർണ്ണമായും കാർഷിക ഭൂപ്രകൃതി യാണ്. നെല്ല് വിളയുന്ന വയലുകളും, നാളീകേരം, അടക്ക കൃഷികൾക്കും കിഴങ്ങ്, ഇടവിള കൃഷികൾക്കും അനുയോജ്യമായ സമതലങ്ങളും കുന്നിൻ പ്രദേശങ്ങളും ശുദ്ധജല മത്സ്യകൃഷി സാധ്യമാകുന്ന പുഴ, കനാൽ, തോട്, കുളം തുടങ്ങി ഭൂമിശാസ്ത്രപരമായ ഏതാല്ലൊ സവിശേഷതകളും തിരുവള്ളൂരിൽ സമം ചേരുന്നു. പക്ഷേ ഈ അവസരങ്ങളെ പൂർണ്ണമായും ഇതുവരെ പ്രയോ ജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞില്ല. കൃഷിഭൂമി തരിശിടുന്നതും വയലുകൾ നികത്തുന്നതും ജലസ്രോതസ്സുകൾ മലിനമാകുന്നതും ഉൾപ്പെടെയുള്ള പാരിസ്ഥി തിക ആഘാത പ്രവർത്തനങ്ങൾ കർശനമായി തടയേതായിട്ടു്. മഴവെള്ളം പൂർണ്ണമായും ഭൂമിയിലേക്ക് ഇറക്കിവിട്ടും ലാഭകരമായ രീതിയിൽ ജൈവകൃഷി വ്യാപകമാക്കിയും പാഴ്വസ്തുക്കൾ കത്തിക്കുന്നതും, അലക്ഷ്യമായി ഉപേക്ഷി ക്കുന്നതും വിലക്കിയും നിലവിൽ പൊതുവേ നല്ല നിലയിൽ പ്രവർത്തികുന്ന ഹരിതകർമ്മസേന സേവനം കൂടുതൽ മെച്ചപ്പെടുത്തിയും നമുക്ക് നമ്മുടെ നാടിനെ കാക്കേ ാതായിട്ടു്.

തിരുവള്ളൂരിന്റെ സാമ്പത്തിക സന്തുലിതാവസ്ഥയ്ക്ക് പ്രധാന പിന്തുണ പ്രവാസികളാണ്. ലോകസാമ്പത്തിക മാന്ദ്യവും ആരോഗ്യരംഗത്തെ പ്രതികൂലാ വസ്ഥയും വിദേശരാജ്യത്ത് തൊഴിൽ നേടിയ നൂറുകണക്കിനാളുകളുടെ ജോലി സാധ്യതയ്ക്ക് ഉയർത്തുന്ന വെല്ലുവിളി ആശങ്കാജനകമാണ്. വിദേശത്ത് നിന്ന് തിരിച്ചെത്തുവാൻ നിർബന്ധിതരാകുന്ന പ്രവാസികൾക്ക് നാട്ടിൽ സുരക്ഷിതമായൊരു ജീവിതാവസ്ഥ കൂടി നമ്മൾ ഒരുക്കേതു്.

### ജനസംഖ്യ

18,872 സ്ത്രീകളും 16,739 പുരുഷന്മാരും കൂടി ആകെ 35,611 ജനസംഖ്യയാണ് നമ്മുടെ പഞ്ചായത്തിൽ അവസാന സെൻസസ് പ്രകാരം കണക്കാക്കപ്പെട്ടിട്ടുള്ളത്. ജനസംഖ്യയിൽ സ്ത്രീകൾ കൂടുതൽ ഉങ്കെിലും അവരുടെ ജീവിത വരുമാന സാഹചര്യം ഇനിയുമേറെ മെച്ചപ്പെടേതായിട്ടു്. 3 ഹരിജൻ കോളനികൾ ഉള്ള തിരുവള്ളൂർ പഞ്ചായത്തിൽ പട്ടികജാതി ജനസംഖ്യ 674 സ്ത്രീകളും 615 പുരുഷന്മാരും കൂടി 1289 ആണ്.

# സാമൂഹ്യ - സാംസ്കാരിക ചരിത്രം

ഈ നാടിനെങ്ങനെ തിരുവള്ളൂർ എന്ന പേര് വന്നെന്ന് വസ്തുതാപരമായ സാധൂകരണം സാധ്യമല്ലെങ്കിലും നൂറ്റാകുൾക്ക് മുമ്പ് തന്നെ ജനങ്ങൾ സമൂഹ മായി ജീവിച്ച പ്രദേശങ്ങളായിരുന്നു തിരുവള്ളൂരും പരിസരവും എന്ന് ഊഹിക്കാ വുന്നതാണ്. തോടന്നൂർ, ചെമ്മരത്തൂർ, ആര്യന്നൂർ, ചെറുവണ്ണൂർ എന്നിങ്ങനെ കൂട്ടം എന്ന് അർത്ഥം വരുന്ന 'ഊരു'കളിൽ അവസാനിക്കുന്ന പേരുള്ള സ്ഥലങ്ങൾ ഈ നാടിന് സമീപത്തായിട്ടുന്നെത് മേൽസൂചിപ്പിച്ച ഊഹത്തിന് ബലമേകുന്നതാണ്.

പഴയകാലത്തെപ്പോഴോ പുനം കൃഷിചെയ്യാൻ വളക്കൂറുള്ള മണ്ണുതേടി വയനാടൻ മലയിറങ്ങി വന്ന ഗൗഡ സമൂഹമാണ് ഈ നാട്ടിലെ ആദിമ നിവാസിക ളെന്നും അവർ ആദ്യമായി സംഗമിച്ച സ്ഥലം ഗൗഡന്മാരുടെ ഊരായും പിന്നീടത് ലോപിച്ച് തോടന്നൂരെന്നുമായി മാറിയെന്നും, തോടന്നൂരിൽ നിന്നുകൊ് അധികാര പരിധി വ്യാപിപ്പിച്ച ഗൗഡ സമൂഹം വലിയ വയലും വെള്ളക്കെട്ടും താി ഗൗഡപ്രമുഖൻ തിരുവള്ളുവന്റെ നേതൃത്വത്തിൽ ഈ നാട്ടിൽ എത്തിയെന്നും ഈ വരവിനായി ഗൗഡൻമാർ നിർമ്മിച്ച നടവഴിയാണ് കാലക്രമത്തിൽ കവുന്തൻനട യായി അറിയപ്പെട്ടതെന്നും അവരുടെ വരവോടുകൂടിയാണ് തിരുവള്ളുവന്റെ ഊരായി 'തിരുവള്ളൂർ' മാറിയതെന്നും സ്ഥലനാമ ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാവുന്ന താണ്

ആയോധനകലയിൽ എല്ലാം തികഞ്ഞവനും വടക്കൻ പാട്ടിലെ വീരനായക നുമായ തച്ചോളി ഒതേനനോട് മുറിവാളും പരിചയുമായി ഏറ്റുമുട്ടി വിജയിച്ച വെള്ളൻ എന്നുപേരായ കീഴാളപോരാളി പടവെട്ടി ജയിച്ച നാടിനെ ബഹുമാനാർത്ഥം 'തിരു' എന്ന് (തിരുമേനി, തിരുവാഭരണം, തിരുമുൽകാഴ്ച etc.) മുന്നിൽ ചേർത്ത് തിരുവെ ള്ളന്റെ നാടെന്ന് അറിയപ്പെടാനായി തിരുവള്ളൂർ എന്നു വിളിച്ചു തുടങ്ങിയെന്നും വെള്ളൻ അമാനുഷികമായ ആയോധനമികവിനുടമായായതിനാൽ 'തേവർ' വെള്ളൻ എന്ന് അറിയപ്പെട്ടെന്നുമുള്ള മറ്റൊരു കഥയും ഈ നാടിന്റെ പേര് വന്ന വഴിയിൽ പറയപ്പെടുന്നു്.

ഈ നാടിന്റെ ഇന്നിലേക്കുള്ള യാത്ര കീഴാള വിഭാഗത്തിന്റെ അധ്വാനത്തി ന്റെയും വിയർപ്പിന്റെയും യാതനയുടെയും ബലത്തിലായിരുന്നു. തേവർമഠം, ചിറ്റയിൽ, വണ്ണത്താൻകി, കൊളത്തായി ഉൾപ്പെടെ ഒട്ടനവധി നാടുവാഴി തറവാ ടുകളും, കോവിലങ്ങളും, ഇല്ലങ്ങളും ഈ ദേശത്ത് ഉായിരുന്നു. പഞ്ചായത്തിലെ ആദ്യ ഹിന്ദുക്ഷേത്രം തിരുവള്ളൂർ മഹാശിവക്ഷേത്രവും, മുസ്ലീംപള്ളി കണ്ണമ്പത്തു കര പള്ളിയുമാണെന്ന് കരുതപ്പെടുന്നു. നമ്മുടെ തനത് സാംസ്കാരിക ചിത്രം വരച്ചുകാട്ടുന്ന വടക്കൻപ്പാട്ടിൽ വീരപരിവേഷമുള്ള കപ്പള്ളി പാലാട്ട് കോമൻ ജനിച്ചത് ചെമ്മരത്തൂരിലാണ് എന്ന് വിശ്വസിക്കപ്പെടുന്നു. ഈ ഓർമ്മകൾ പേറുന്ന താണ് കപ്പള്ളി ക്ഷേത്രവും പാലാട്ട് വീടും.

ഐതിഹാസികമായ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഒട്ടേറെ ധീര ദേശാഭിമാനികൾ ഈ നാട്ടിലുായിരുന്നു. കള്ളുഷാപ്പ് പിക്കറ്റിംഗ്, സബ്രജിസ്ട്രാർ ഓഫീസ് പിക്കറ്റിംഗ്, വിദേശ വസ്ത്ര ബഹിഷ്കരണം, ഉപ്പ് കുറുക്കൽ, അയിത്തോ ച്ചാടനം തുടങ്ങിയ പ്രക്ഷോഭങ്ങൾ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഇവിടെ നടന്നിട്ടു്. മലബാറിലെ പ്രമുഖ സ്വാതന്ത്ര്യസമര നേതാക്കളായിരുന്ന കെ.കേളപ്പൻ, സികെ.ഗോവിന്ദൻനായർ, വി.കെ.കൃഷ്ണമേനോൻ, കേളുവേട്ടൻ, പി.ആർ.നമ്പ്യാർ, പി.പി.ശങ്കരൻ, കെ.ബി.മേനോൻ, കോൺഗ്രസ്സ് രാമക്കുറുപ്പ് തുടങ്ങിയവർ ഇക്കാലത്ത് തിരുവള്ളൂരുമായി നിരന്തരം ബന്ധം പുലർത്തിയതായി അറിവു്. നിയമലംഘന സമരത്തെ സായുധമായി നേരിടാൻ വെള്ള പട്ടാളത്തിന്റെ ക്യാമ്പ് ഓഫീസ് അക്കാലത്ത് ഇവിടെ ഉായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്ര ങ്ങളിൽ പ്രവേശനം നൽകിയും, പന്തിഭോജനം സംഘടിപ്പിച്ചും എ.രാമക്കുറുപ്പ്, സി.എച്ച്.കുഞ്ഞിരാമക്കുറുപ്പ്, ചാപ്പൊയിൽ കണ്ണക്കുറുപ്പ്, പാലാട്ട് കൃഷ്ണക്കുറുപ്പ് തുടങ്ങിയവരുൾപ്പെടെയുള്ളവർ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന് കരുത്തേകിയിരുന്നു. ബ്രിട്ടീഷ് ഭരണവിരുദ്ധ പ്രക്ഷോഭത്തിന്റെ ഭാഗമായി സ്കൂൾ പിക്കറ്റിംഗ് നടത്തിയ പി.കെ.കൃഷ്ണൻ, കെ.നാരായണമാരാർ എന്നിവരെ അറസ്റ്റ് ചെയ്ത് തടങ്കലിലാക്കി യത് ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. കോഴിക്കോട് ഹജൂർ കച്ചേരി ഹാളിലെ ബ്രിട്ടീഷ് പതാക പറിച്ചുമാറ്റിയ വാകയാട് നാരായണൻനമ്പ്യാർ, ശനിയൻസഭാ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത സി.എച്ച്. കുഞ്ഞിരാമക്കുറുപ്പ്, കോമട്ട് കൃഷ്ണ ക്കുറുപ്പ്, ചാലിൽ അന്ത്രുഹാജി തുടങ്ങിയവർ നമ്മുടെ നാട്ടുകാരായിരുന്നു. 1947 ആഗസ്ത് 15 വെള്ളിയാഴ്ച കന്നിനട കോട്ടയുള്ളപറമ്പ് പള്ളിയിൽ നിന്ന് ജുമാ നിസ്കാരശേഷമായിരുന്നു ആദ്യ സ്വാതന്ത്ര്യദിനറാലി തിരുവള്ളൂരിലേക്ക് നീങ്ങിയത്. കോമട്ട് കുഞ്ഞിരാമക്കുറുപ്പ്, ചെമ്പ്രേരി നാരായണക്കുറുപ്പ്, കൊള്ളാട്ട് കുഞ്ഞിരാമ ക്കുറുപ്പ്, സി.കെ.കുഞ്ഞബ്ദുള്ള, ചില്ലക്കുന്നുമ്മൽ പൊക്കൻ, പുതുക്കുടി കൊറുമ്പൻ, പിലാവുള്ളതിൽ അമ്മത്, വേലിപ്പറമ്പത്ത് മൊയ്തീൻ, കരുവാകുന്നത്ത് മൊയ്തീൻ, എടക്കുടി കണാരൻ തുടങ്ങിയവരൊക്കെയാണ് റാലിയുടെ സംഘാട കരായ് പ്രവർത്തിച്ചത്. അഭിഭാഷക പ്രതിഭയായിരുന്ന അഡ്വ: എം.രത്നസിംഗിന്റെ പിതാവ് എം.ഐ.അച്ചുതനായിരുന്നത്രെ ആ റാലി നിയന്ത്രിച്ചത്.

കാവുംതാഴക്കുനി ചാത്തു, എടക്കുടി രാഘവൻ, പുളിയറത്ത്കി അബ്ദുള്ള തുടങ്ങിയവർ ഉൾപ്പെട്ട വോളിബോൾ ടീമും, ചാലിൽ മമ്മു ഉൾപ്പെടെ യുള്ളവരുടെ കോൽക്കളി സംഘങ്ങളും, കെ.കുഞ്ഞപ്പക്കുറുപ്പ്, എൻ.കെ. ബാലൻ വൈദ്യർ, നൊച്ചോടി ബാലക്കുറുപ്പു മൊക്കെ പങ്കാളികളായ നാടക കൂട്ടവും, കലാ -കായിക കൂടിച്ചേരലുകൾക്ക് കളമൊരുക്കി. തേക്കിൽ നാരായണൻ നായരുടെ നേതൃത്വത്തിൽ ചക്കാലേരി കേളുനായർ ആരംഭിച്ച കളരി പ്രധാന ആയോധന കലാകേന്ദ്രമായിരുന്നു.

1966-67 കാലത്ത് കൂമുള്ളി അമ്മത്ഹാജി, കിഴക്കയിൽ മൊയ്തീൻ മാസ്റ്റർ, ക്യാമ്പുറത്ത് കുഞ്ഞബ്ദുള്ള തുടങ്ങിയവർ പറമ്പാധാരം വെച്ച് കരാറുാക്കി യാണത്രെ തിരുവള്ളൂരിലേക്ക് വൈദ്യുതി എത്താൻ വഴിയൊരിക്കിയത്. അന്നൊക്കെ കന്നിനടയിൽ നിന്ന് വലിയ ചങ്ങാടത്തിൽ കയറ്റിയാണ് വാഹനങ്ങൾ തിരുവള്ളൂ രിൽ എത്തിയത്. മുൻമന്ത്രി ടി.എ.മജീദ്, മുൻമുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട്,

മുസ്ലീംലീഗ് നേതാവ് ബാഫഖി തങ്ങൾ തുടങ്ങിയ നേതാക്കൾ ആദ്യകാലത്ത് നമ്മുടെ നാട്ടിൽ എത്തിയത് ഈ മാർഗ്ഗമായിരുന്നു. 1964ൽ അച്ചുതൻവൈദ്യർ നമ്മുടെ പഞ്ചായത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട അന്നുതന്നെയാണ് തിരുവള്ളൂരിൽ സർക്കാർ ആശുപത്രി അനുവദിച്ചുകൊള്ള അറിയിപ്പും ലഭിച്ചത്. ആശുപത്രി തുടങ്ങാനാവശ്യമായ പ്രാഥമിക സൗകര്യം ഒരുക്കിയത് പാറക്കൽ സൂപ്പി ആയിരുന്നു. 1895ൽ സ്ഥാപിതമായ തിരുവള്ളൂർ ഗവ: യു.പി.സ്കൂൾ, 1942 ൽ സ്ഥാപിച്ച റജിസ്ട്രോഫീസ്, 1958ൽ സ്ഥാപിച്ച തിരുവള്ളൂർ ശാന്തിനികേതൻ ഹൈസ്കൂൾ 1960 ൽ പണിത കന്നിനട പാലം, 1962ൽ തോടന്നൂരിൽ പ്രവർത്തനം തുടങ്ങിയ എൻ.ഇ.എസ്. ബ്ലോക്ക് തുടങ്ങിയവ നമ്മുടെ വികസന പാതയിലെ നാഴികകല്ലുകളാണ്.

മദ്രാസ് നിയമസഭയിലെ ഉപരിസഭാംഗമായിരുന്ന തോടന്നൂർ പുതിയെടുത്ത് വി.പി.നാരായണൻ നമ്പ്യാരുടെ കുതിരവി വരാനായിരുന്നത്രെ മുമ്പ് കാലത്ത് എം.എൽ.സി. എന്നറിയപ്പെട്ട ഇന്നത്തെ വടകര-തോടന്നൂർ റോഡ് നിർമ്മിക്കപ്പെട്ടത്. തോടന്നൂർ കൊയിലോത്ത് ശ്രീ. വി.കെ. കൃഷ്ണൻനമ്പ്യാർ ആയിരുന്നു ആദ്യ ജില്ലാ ബോർഡ് അംഗം, വള്ള്യാടുള്ള വണ്ണത്താംകി തറവാട്ടിൽ ചെമ്പൈ വൈദ്യനാഥ ഭാഗവതർ സംഗീതാരാധനക്കായ് എത്തിയിരുന്നു. കേരള ഹൈക്കോടതി മുൻചീഫ് ജസ്റ്റിസ് വി.പി. ഗോപാലൻ നമ്പ്യാരും, പ്രമുഖശാസ്ത്ര പ്രതിഭ വി.പി. നാരായണൻ നമ്പ്യാരും (ജൂനിയർ) നമ്മുടെ പഞ്ചായത്തുകാരായിരുന്നു.

1962 ലെ വില്ലേജ് ഏകീകരണ ശേഷമാണ് വില്ല്യാപ്പള്ളിയുടെ ഭാഗമായിരുന്ന കോട്ടപ്പള്ളി വില്ലേജിനെ തിരുവള്ളൂർ വില്ലേജുമായി ചേർത്ത് തിരുവള്ളൂർ പഞ്ചായത്ത് ബോർഡ് രൂപം കൊത്. അതിനുശേഷം നാളിതുവരെയുള്ള യാത്രയിൽ സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് നിലവിലെ വിഭവ സാധ്യതകൾ ഉപയോഗിക്കുന്നതിലും, പുതിയ സാധ്യതകൾ കത്തെുന്നതിലും നമുക്ക് വേഗത കൈവരിക്കാൻ സാധിച്ചിട്ടില്ല. തിരുവള്ളൂരിന്റെ സ്വപ്നങ്ങളും, ആഗ്രഹങ്ങളും സഫലീകരിക്കാൻ എല്ലാ വേർതിരിവുകൾക്കുമപ്പുറമുള്ള കൂട്ടായ്മ അനിവാര്യമാണ്. ഗ്രാമീണ ജീവിതത്തിന്റെ ഹൃദയതാളമറിഞ്ഞും അനുഭവിച്ചും നല്ലനാളുകൾ നമ്മുടെ നാടിനായ് ഒരുക്കാൻ നമുക്കൊരുമിച്ച് നീങ്ങാം.

□

# വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും

വ്യത്യസ്ത സംവിധാനങ്ങൾ മുഖേന ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തിയാണ് പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം നട ത്തിവരുന്നത്. വികസന ഫ്, മെയിന്റനൻസ് ഫ്, ധനകാര്യ കമ്മീ ഷൻ ഫ്, ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് ഫ്, എം.പി. എം. എൽ.എ. ഫ് എന്നിവ ഇതിനായി ഉപയോഗപ്പെടുത്തുന്നു. തൊഴി ലുറപ്പ് മേഖല, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം വികസന പ്രവർത്തനങ്ങളുടെ വിഭവ സ്രോതസ്സുകളിൽ ഉപയോഗ പ്പെടുത്താൻ കഴിയണം. വിവിധ കമ്പനികളുടെ സി.എസ്.ആർ. ഫ് ലഭ്യമാക്കാൻ സാധിച്ചാൽ സേവന മേഖലയിൽ മെച്ചപ്പെട്ട സൗക ര്യങ്ങൾ ഒരുക്കാൻ കഴിയും എന്നതിനാൽ ഇതിനായി കൂട്ടായ് പരിശ്രമം നടത്തേ തു്.

□

# സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

സർക്കാർ അർദ്ധസർക്കാർ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ ഉൾപ്പെടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി വിവിധ മേഖലകൾ കേന്ദ്രീകരിച്ചുകൊ ുള്ള സമഗ്ര വികസനമാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വെക്കുന്നത്. നമ്മുടെ പാടശേഖരം തരിശുരഹിതമാക്കി നാടിന്റെ അരി ആവശ്യം പൂർത്തീകരിക്കാം. കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും. വിവിധ കിഴങ്ങു വിളകളും ധാന്യങ്ങളും നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയും. ഫലവൃക്ഷ ങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെയും ജൈവകൃഷി പ്രോത്സാഹനത്തിലൂടെയും വിഷരഹിത പോഷകാഹാരം സാധ്യമാക്കാം. കിണർ റീചാർജ് വ്യാപകമാക്കിയും ജൽജീവൻ മിഷൻ പദ്ധതി യാഥാർത്ഥ്യമാക്കിയും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാം.

ഹരിതകർമ്മസേനയെ കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ സമയക്രമത്തിൽ വീടുകളിൽ നിന്ന് പാഴ്വസ്തുക്കൾ ശേഖരിച്ച് ഫലപ്രദമായ എം.സി.എഫ്. സംവി ധാനം വഴി മാലിന്യമുക്ത പഞ്ചായത്താക്കിമാറ്റും. വിദ്യാർത്ഥികളിലെ മത്സരക്ഷമത വളർത്തുന്നതിനും പിന്നോക്കം നിൽക്കുന്നവരെ കൈപിടിച്ചുയർത്തുന്നതിനും ഉത കുന്നവിധമുള്ള 'യംഗ് മാസ്റ്റേഴ്സ്' പരിശീലന പരിപാടി ആരംഭിക്കും. ബസ്റ്റാന്റ് നിർമ്മാണം പൂർത്തീകരിച്ച് വികസന കുതിപ്പിന് ആക്കം കൂട്ടും. മാലിന്യമുക്തമായ മത്സ്യമാർക്കറ്റ് സംവിധാനം പൂർണ്ണതയിലേക്കെത്തുകയാണ്. പ്രവാസി വ്യവസായ സംരംഭങ്ങൾ, കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ, ഭിന്നശേഷി അതിജീവന പദ്ധതി കൾ തുടങ്ങിയവയിലൂടെ പ്രാദേശിക സാമ്പത്തിക വികസനം യാഥാർത്ഥ്യമാക്കും. എല്ലാവർക്കും വീട് എന്ന ലക്ഷ്യം ഘട്ടംഘട്ടമായി നടപ്പിലാക്കും. സാംക്രമിക രോഗ ങ്ങളേയും പകർച്ചവ്യാധികളെയും നിയന്ത്രിച്ചും മാരകരോഗ ബാധിതർക്ക് മരുന്നും സാന്ത്വനപരിചരണം ലഭ്യമാക്കിയും ആരോഗ്യ മേഖലയിൽ ഇടപെടും. മൃഗസംരക്ഷണ മേഖലയിൽ നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കിയും നവാഗതർക്ക് കടന്നുവ രാൻ കഴിയുംവിധം വൈവിധ്യവത്കരണം സാധ്യമാക്കും. പാൽ, ഇറച്ചി, മുട്ട തുടങ്ങിയവയുടെ ലഭ്യത നാട്ടിൽ നിന്നുതന്നെ ഉറപ്പാക്കും.

ഇങ്ങനെ തിരുവള്ളൂരിന്റെ വികസന ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് ലഭ്യമാവുന്ന എല്ലാ മേഖലകളിൽ നിന്നും ഫ് സമാഹരിച്ച്, പ്രത്യേകിച്ചും എം.പി., എം.എൽ.എ, സി.എസ്.ആർ. ഫുകൾ തുടങ്ങിയവ പരമാവധി പ്രയോജനപ്പെ ടുത്തി മുന്നോട്ടു പോകും.

# ഉപസംഹാരം

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വികനമേഖലകളെ പ്രാധാന്യങ്ങൾക്കനുസരിച്ച് ഉൾക്കൊും പരിഗണിച്ചും മുൻഗണനാക്രമത്തിൽ ക്രോഡീകരിച്ച് നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം നമുക്ക് നിർവ്വഹിക്കണം. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും കഴിഞ്ഞ കാലങ്ങളിലുായ വീഴ്ചകൾ മനസ്സിലാക്കിയും പരിഹരിച്ചും നവീന മാതൃകാപദ്ധതികൾ ആവിഷ്കരിച്ചും നമുക്ക് ഒരുമിച്ച് പ്രവർത്തിച്ച് നല്ലനാടിനെ രൂപപ്പെടുത്താം.









